بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد
وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം
4

വാർഷിക
വരിസംഖ്യ
500 രൂപ

ലക്കം
36

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2019 സെപ്റ്റംബർ 05/ഹി:ശം:1398 തബൂക് 05/ഹി:ഖ: 1440 മുഹർറം 05

## അല്ലാഹുവിന്റെ വചനം

وَاَطِیۡعُوا اللّٰہَ
وَالرَّسُوۡلَ
لَعَلَّکُمۡ تُرۡحَمُوۡنَ○
(آل عمران:133،132)

'നിങ്ങൾ അല്ലാഹുവിനേയും ഈ ദൈവദൂതനേയും വിശ്വസിക്കുക;നിങ്ങൾക്കു കരുണ ചെയ്യപ്പെടുന്നതിനു വേണ്ടി.' (3:133)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**വിശുദ്ധഖുർ തത്ത്വശാസ്ത്രങ്ങളുടെയും പരമാർഥബോധങ്ങളുടേയും കലവറയാണ്. പച്ചയും ഉണങ്ങിയതുമായവയുടെ ഖജനാവ് അതിന്റെ ഉള്ളിലില്ല. എല്ലാ ഓരോ കാര്യത്തിന്റേയും വ്യാഖ്യാനം അത് സ്വയം നല്കുന്നു. എല്ലാ ഓരോ തരത്തിലുള്ള ആവശ്യങ്ങളുടേയും സാധനസാമഗ്രികൾ അതിന്റെ ഉള്ളിലുണ്ട്. അത് എല്ലാ വശങ്ങളുടെയും അടയാളവും ദൃഷ്ടാന്തവുമാണ്. ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ നാം എല്ലാ വശത്തൂടെയും അതിന്റെ അത്ഭുതം സ്ഥാപിച്ചുകാണിക്കാൻ തയ്യാറാണ്.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

## നമ്മുടെ നബി(സ)തിരുമേനിയുടെ ദിവ്യദൃഷ്ടാന്തങ്ങൾ

നമ്മുടെ നബി(സ)തിരുമേനിക്ക് ഇതുകൊണ്ട് എല്ലാ തരത്തിലുള്ള അമാനുഷികസിദ്ധികളും ദിവ്യദൃഷ്ടാന്തങ്ങളും കരസ്ഥമായിരുന്നു. അതിന്റെ തേജോവിലാസം നാം എന്ത് വിവരിക്കാനാണ്? ഏതു ഭാഗത്തു നോക്കിയാലും എണ്ണമറ്റ ദിവ്യദൃഷ്ടാന്തങ്ങൾ കാണാം. എല്ലാതരം ദിവ്യദൃഷ്ടാന്തങ്ങളും മൊത്തമായ നിലയിൽ ആ മഹാത്മാവിന്റെ തന്നെ ഭാഗമായിരുന്നു. ബാഹ്യമായ അമാനുഷിക ദൃഷ്ടാന്തം, ഉദാഹരണത്തിന് ചന്ദ്രൻ പിളർന്ന സംഭവത്തിന്റേയും മറ്റുള്ള ദിവ്യദൃഷ്ടാന്തങ്ങളുടേയും എണ്ണം മൂവായിരത്തിലധികമാണ്. ദൈവജ്ഞാനത്തിന്റേയും യാഥാർഥ്യങ്ങളുടേയും ദിവ്യദൃഷ്ടാന്തങ്ങളെക്കൊണ്ട് വിശുദ്ധ ഖുർആൻ നിറഞ്ഞുകിടക്കുന്നു. അതെപ്പോഴും പുതിയതും നവീനവുമാണ്. സ്വഭാവപരമായ ദൃഷ്ടാന്തങ്ങൾ പരിഗണിക്കുമ്പോൾ ആ പരിശുദ്ധനായ നബി *അലയ്ഹിസ്സ്വലാത്തുവസ്സലാമി*ന്റെ അസ്തിത്വംതന്നെ *ഇന്നക്ക ലഅലാ ഖുലുഖിൻ അളീമി*ന്റെ(നീ മഹത്തായ ധാർമിക ഗണങ്ങൾ ഉള്ളവൻ തന്നെയാണ്) സാക്ഷാത്കാരമാണ്.(68:5) വിശുദ്ധ ഖുർആൻ അതിന്റെ ദിവ്യ ദൃഷ്ടാന്തത്തിന്റെ തെളിവെന്ന നിലയിൽ പറയുന്നു:വ ഇൻ കുൻതും ഫീ റയ്ബിൻ മിമ്മാ നസ്സൽനാ അലാ അബ്ദിനാ ഫഅ്തൂ ബി സൂറത്തിൻമ്മിൻമ്മിഥ്ലിഹീ(നമ്മുടെ ദാസന് നാം അവതരിപ്പിച്ചതു സംബന്ധിച്ച് വല്ല വിധത്തിലും നിങ്ങൾ സംശയത്തിലാണെങ്കിൽ ഇതിനു തുല്യമായതിൽനിന്നൊരു അധ്യായം നിങ്ങൾ കൊണ്ടുവരിക).അവിടന്ന് പറയുന്നു. ഇത് ആത്മീയമായ ദിവ്യദൃഷ്ടാന്തമാണ്. എപ്രകാരം ഏകത്വത്തിനുള്ള തെളിവുകൾ നല്കിയോ അതേപ്രകാരം യുക്തിജ്ഞാനനിർഭരം, സാഹിത്യസമ്പുഷ്ടം അർഥഗാംഭീര്യവും. അതിന്റെ മാതൃകയുണ്ടാക്കാൻ മനുഷ്യൻ അശക്തനാണ്. മറ്റൊരിടത്ത് അല്ലാഹു പറഞ്ഞു: *ലഇനിജ്തമഅത്തിൽ ഇൻസു വൽജിന്നു അലാ അൻയ്യഅ്തൂ ബി മിഥ്ലി ഹാദൽഖുർആനി ലാ യഅ്തൂന ബിമിഥ്ലിഹീ* (നീ പറയുക. ഈ ഖുർആന് തുല്യമായ മറ്റൊന്ന് കൊണ്ടുവരുന്നതിന് ഇൻസും ജിന്നും എല്ലാം സംഘടിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ– അവർ പരസ്പരം സഹായിച്ചിരുന്നാൽപോലും– അവർക്കു അതിനു തുല്യമായത് കൊണ്ടുവരുവാൻ സാധ്യമല്ല). (17:89)

## വിശുദ്ധഖുർആനിന്റെ വാഗ്‌വിലാസവും അർഥഗാംഭീര്യവും

ചുരുക്കത്തിൽ ആത്മീയമായ ദിവ്യദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് അത് മുസ്‌ലിമീങ്ങളുടെ സങ്കല്പവും ധാരണയുമാണെന്ന് ആരും ധരിക്കരുത്. ഇത് ഇക്കാലത്തെ പ്രകൃതിശാസ്ത്രമല്ല. എന്നല്ല വിശുദ്ധഖുർആൻ ദിവ്യദൃഷ്ടാന്തമാണെന്ന് പ്രകൃതിവാദികൾ വിശ്വസിക്കുന്നുമില്ല. സയ്യിദ് അഹ്മദ്ഖാനും വഞ്ചിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം അതിന്റെ വാഗ്‌വിലാസവും അർഥഗാംഭീര്യവും ദിവ്യദൃഷ്ടാന്തമായി അംഗീകരിക്കുന്നില്ല. സയ്യിദ് അഹ്മദ് ദിവ്യദൃഷ്ടാന്തങ്ങളെ നിഷേധിച്ചുവെന്നോർക്കുമ്പോൾ നമുക്ക് വിഷമം തോന്നുന്നു. സയ്യിദ് സാഹിബിന് ഒരുവിധത്തിലും ദിവ്യദൃഷ്ടാന്തം വിശ്വസിക്കാൻ കഴിയുകയില്ല. കാരണം അദ്ദേഹം പറയുന്നത് ഒരു നിസാരനായ മനുഷ്യനും ഒരു ഉന്നത പദവിയിലുള്ള മനുഷ്യനും തുല്യമായതുണ്ടാക്കാൻ കഴിയുമെന്നാണ്. എന്നാൽ, വിഷമം അതല്ല, വിശുദ്ധഖുർആൻ കൊണ്ടുവരുന്നയാൾ *സ്വുഹുഫൻ മ്മുത്വഹ്ഹറത്തൻ, ഫീഹാ കുതുബുൻ ഖയ്യിമത്തുൻ.* (98:3–4) (പവിത്രമായ ഏടുകൾ വായിച്ചുകേൾപിക്കുന്നു; അതിൽ നിലനില്ക്കുന്നതായ മതവിധികളുണ്ട്) എന്ന തേജോവിലാസം ഉൾക്കൊള്ളുന്ന ആളാണെന്നുപോലും അദ്ദേഹത്തിന്നറിയില്ല. എല്ലാ ഗ്രന്ഥങ്ങളും എല്ലാ സത്യസാക്ഷ്യങ്ങളുമുള്ളതാണ് ഈ ഗ്രന്ഥം. ഗ്രന്ഥം കൊണ്ടുള്ള ഉദ്ദേശ്യവും പൊതുവായ ഉള്ളടക്കവും എന്നു പറയുന്നത് മനുഷ്യൻ സ്വാഭാവികമായി വിശ്വാസയോഗ്യമെന്ന് മനസ്സിലാക്കുന്നതാണ്.

## വിശുദ്ധഖുർആന്റെ സമ്പൂർണത

വിശുദ്ധഖുർ തത്ത്വശാസ്ത്രങ്ങളുടെയും പരമാർഥബോധങ്ങളുടേയും കലവറയാണ്. പച്ചയും ഉണങ്ങിയതുമായവയുടെ ഖജനാവ് അതിന്റെ ഉള്ളിലില്ല. എല്ലാ ഓരോ കാര്യത്തിന്റേയും വ്യാഖ്യാനം അത് സ്വയം നല്കുന്നു. എല്ലാ ഓരോതരത്തിലുള്ള ആവശ്യങ്ങളുടേയും സാധനസാമഗ്രികൾ അതിന്റെ ഉള്ളിലുണ്ട്. അത് എല്ലാ വശങ്ങളുടെയും അടയാളവും ദൃഷ്ടാന്തവുമാണ്. ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ നാം എല്ലാ വശത്തൂടെയും അതിന്റെ അത്ഭുതം സ്ഥാപിച്ചുകാണിക്കാൻ തയ്യാറാണ്. ഇക്കാലത്ത് തൗഹീദിന്റെയും (ഏകദൈവത്തിലുള്ള വിശ്വാസം) ദൈവാസ്തികൃത്തിന്റേയുമേൽ വളരെ ശക്തമായ ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികളും ഒരുപാട് ശക്തി ചെലുത്തുകയും എഴുതുകയും ചെയ്തു. പക്ഷേ, എന്തൊന്നു പറയുകയും എഴുതുകയും ചെയ്തുവോ അതെല്ലാം ഇസ്‌ലാമിന്റെ ദൈവത്തെ കുറിച്ചുതന്നെയാണ് എഴുതിയത്. അല്ലാതെ കുരിശിലേറ്റപ്പെട്ട മൃതതുല്യനേയോ ദുർബലനായ ദൈവത്തേയോ കുറിച്ചല്ല. ആരാണോ അല്ലാഹുവിന്റെ അസ്തിത്വത്തിനും സാനിധ്യത്തിനുമേൽ തൂലിക ഉയർത്തുന്നത് അവന് അവസാനം ഇസ്‌ലാം സമർപിക്കുന്ന ദൈവത്തിലേക്ക് വരേണ്ടിവരുമെന്ന് നാം വാദത്തോടെ പറയുകയാണ്. കാരണം പ്രകൃതിഗ്രന്ഥത്തിന്റെ ഓരോരോ താളുകളിലും അവനെ അറിയാൻ കഴിയുന്നു. സ്വാഭാവികമായി മനുഷ്യൻ അതേ ദൈവത്തിന്റെ ചിത്രം ഉൾക്കൊള്ളുന്നു. ചുരുക്കിപ്പറഞ്ഞാൽ അത്തരം വ്യക്തികളുടെ ചുവട് എപ്പോൾ ഉയർന്നാലും ഇസ്‌ലാമിന്റെ മൈതാനത്തേക്കുതന്നെയായിരിക്കും ഉയരുക. ഇതും ഒരു മഹത്തായ ദിവ്യാത്ഭുതമാണ്.

## വിശുദ്ധഖുർആനിന്റെ വെല്ലുവിളി

ആരെങ്കിലും വിശുദ്ധഖുർആന്റെ ഈ ദിവ്യദൃഷ്ടാന്തത്തെ നിഷേധിക്കുകയാണെങ്കിൽ ഒരൊറ്റ വശത്തൂടെ നാം ആളുകളെ പരീക്ഷിക്കുകയാണ്. അതായത് വിശുദ്ധഖുർആൻ ദൈവഗ്രന്ഥമാണെന്ന് വിശ്വസിക്കാത്തയാൾ ഈ വെളിച്ചത്തിന്റേയും ശാസ്ത്രത്തിന്റേയും കാലഘട്ടത്തിൽ ദൈവാസ്തികൃത്തിനുമേൽ തെളിവുകൾ എഴുതുകയാണെങ്കിൽ നാം ആ എല്ലാ തെളിവുകളും വിശുദ്ധഖുർആനിൽനിന്നുതന്നെ എടുത്തുകാണിക്കുന്നതായിരിക്കും. ദൈവത്തിന്റെ ഏകത്വത്തെ കുറിച്ച് തെളിവുകൾ എഴുതുകയാണെങ്കിൽ ആ എല്ലാ തെളിവുകളും വിശുദ്ധഖുർആനിൽനിന്നുതന്നെ എടുത്തുകാണിക്കുന്നതായിരിക്കും. ഈ തെളിവുകൾ ഖുർആനിലില്ലെന്ന വാദത്തോടുകൂടി എഴുതുകയാണെങ്കിൽ അല്ലെങ്കിൽ സത്യസാക്ഷ്യങ്ങളും പരിശുദ്ധ അധ്യാപനങ്ങളും ഉദ്ധരിച്ച് ഇത് വിശുദ്ധഖുർആനിൽ ഇല്ലെന്ന് പറഞ്ഞ് എഴുതുകയാണെങ്കിൽ നാം വിശുദ്ധഖുർആനി

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**കേവലം അഹ്മദി എന്ന് പറയുന്നതു പോര, കർമങ്ങൾ ചെയ്യുന്ന ഒരു അഹ്മദിയാകുന്നതിന് അതിരറ്റ അധ്വാനം നടത്തേണ്ട ആവശ്യമുണ്ട്.**

*ഹദ്റത്ത് മസീഹ് മൗഊദ്(അ), തന്നെ വിശ്വസിക്കുന്നവർക്ക് വലിയ വേദനയോടുകൂടി ബയ്അത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ഉപദേശം നല്കിയിരിക്കുന്നു; നമ്മൾ യഥാർഥ അഹ്മദികളാകാൻ. ഇത് പതിവായി നമ്മുടെ മുന്നിൽ വെക്കേണ്ടതായ ഉപദേശങ്ങളാണ്. ഇതുതന്നെയാണ് നമ്മുടെ ആത്മീയ ശിക്ഷണത്തിനുള്ള മാർഗവും. ഇതുമുഖേനതന്നെ നമുക്ക് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള വഴികളും അന്വേഷിക്കാൻ കഴിയും. ഈ മാർഗം മുഖേന തന്നെയാണ് നമുക്ക് നമ്മുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥകളെ നന്നാക്കാൻ കഴിയുന്നതും, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാൻ കഴിയുന്നതും.*

നമ്മുടെ ആരാധനകളുടെ നിലവാരം അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുംവിധമുള്ള സ്ഥാനത്ത് കൊണ്ടുപോകേണ്ടതാണ്. എല്ലാതരത്തിലുള്ള തിന്മകളേയും ഉപേക്ഷിച്ചുകൊണ്ട് സമ്പൂർണവിശ്വസ്തതയോടുകൂടി സൽക്കർമം ചെയ്യേണ്ടതാണ്.

---

നമ്മുടെ ആരാധനകളുടെ നിലവാരം അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുംവിധമുള്ള സ്ഥാനത്ത് കൊണ്ടുപോകേണ്ടതാണ്. എല്ലാതരത്തിലുള്ള തിന്മകളേയും ഉപേക്ഷിച്ചുകൊണ്ട് സമ്പൂർണവിശ്വസ്തതയോടുകൂടി സൽക്കർമം ചെയ്യേണ്ടതാണ്.

2019 ഫെബ്രുവരി 8-10 തിയതികളിൽ സിയറ ലിയോൺ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ജൽസാസാലാന ബോൗണിലെ സീനിയർ സെക്കന്ററി സ്കൂൾ അങ്കണത്തിൽ സംഘടിപ്പിക്കുകയുണ്ടായി. സയ്യിദുനാ ഹദ്റത്ത് ഹുദൂർ അയ്യദഹുല്ലാഹ് കമാൽ ബുറൂജ സാഹിബിനെ തന്റെ പ്രതിനിധിയായും നൈജീരിയ അമീർ സാഹിബിനേയും ഗാംബിയ അമീർ സാഹിബിനേയും ലൈബീരിയ അമീർ സാഹിബിനേയും മുഖ്യാതിഥികളായും അയച്ചു. നൈജീരിയ, ഗാംബിയ, ലൈബീരിയ, ഗിനികൊണാക്രി എന്നീ രാജ്യങ്ങളിൽനിന്ന് വൻസംഘങ്ങളാണ് ജൽസയിൽ പങ്കെടുത്തത്. സിയറ ലിയോൺ ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥികളും അധ്യാപകരും ജൽസയുടെ ഒരുക്കങ്ങളിൽ പൂർണമായും സഹായിച്ചു. സിയറ ലിയോണിലെ പുതിയ പ്രസിഡണ്ട് തന്റെ ധാരാളം മന്ത്രിമാരോടൊപ്പം ജൽസാസാലാനയുടെ ആദ്യദിവസത്തെ ആദ്യയോഗത്തിൽ പങ്കെടുത്തു. അവർക്കു പുറമെ മുൻവൈസ്പ്രസിഡണ്ടും ജൽസയിൽ പങ്കെടുത്തിരുന്നു. സിയറ ലിയോൺ പ്രസിഡണ്ട് തന്റെ പ്രസംഗത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സേവനങ്ങളെ പ്രകീർത്തിച്ചു. ആദരണീയരായ നിരവധി വ്യക്തിത്വങ്ങൾ ആശംസാ സന്ദേശങ്ങൾ നല്കി. ജമാഅത്തിന്റെ സേവനങ്ങളെ നല്ലരീതിയിൽ സ്മരിച്ചു. 30 റേഡിയോ ചാനലുകൾക്കു പുറമെ ദേശീയ ടിവി ചാനലുകളും സിയറ ലിയോൺ ജൽസാസാലാന പരിപാടികൾക്ക് രാജ്യം മുഴുവൻ കവറേജ് നൽകി. ഇപ്രകാരംതന്നെ പ്രിന്റ് മീഡിയകളും സിയറാ ലിയോൺ ജൽസാസാലാനയെ ദേശീയവും മതപരവുമായ ആഘോഷംപോലെ അവതരിപ്പിച്ചു. 25 പത്രങ്ങൾ ജൽസയ്ക്ക് മുമ്പേയും ജൽസയ്ക്കു ശേഷവും വാർത്തകൾ നല്കി. ഗിനികൊണാക്രി, നൈജീരിയ, ഗാംബിയ, ലൈബീരിയ, ജർമനി, നോർവെ, ബ്രിട്ടൺ, അമേരിക്ക, ഘാന, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് സംഘങ്ങളും അതിഥികളും പങ്കെടുത്തു. ഈ അവസരത്തിൽ ഹുദൂർ അയ്യദഹുല്ലാഹ് തന്റെ പ്രത്യേക സന്ദേശവും അയച്ചിരുന്നു. അതിന്റെ ഉർദു തർജമ 2019 ജൂൺ 3ലെ അൽഫദ്ൽ ഇന്റർനാഷണൽ പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരോടു നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഞങ്ങൾ ഇവിടെ അതിന്റെ മലയാള പരിഭാഷ ചേർക്കുകയാണ്. (എഡിറ്റർ)

സിയറ ലിയോൺ അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളേ!

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു*

നിങ്ങൾ നിങ്ങളുടെ 56–ാമത് ജൽസാസാലാന ഫെബ്രുവരി 8,9,10 തിയതികളിൽ സംഘടിപ്പിക്കുന്നു എന്നറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. അല്ലാഹു നിങ്ങളുടെ ജൽസയെ വൻവിജയമാക്കിത്തീർക്കുമാറാകട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു; വ്യത്യസ്തവും പ്രത്യേകവുമായ ഈ മതപരമായ സമ്മേളനത്തിൽ പങ്കെടുക്കുന്നവർ, അല്ലാഹുവിന്റെ വ്യക്തമായ ഫദ്ലും അതിരറ്റ അനുഗ്രഹങ്ങളും കരസ്ഥമാക്കുന്നവരുമാകട്ടെ!

ഒരു അഹ്മദി മുസ്‌ലിം ജനിക്കുക എന്നതും നിങ്ങൾ നിങ്ങളെ അഹ്മദി എന്നു പറയുന്നതും മതിയായതല്ലെന്ന കാര്യം എപ്പോഴും മനസ്സിൽവെക്കുക. തീർച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുക എന്നത് അഹ്മദിയ്യത്തിലേക്കുള്ള ആദ്യ ചുവടാണ്. എന്നല്ല കർമങ്ങൾ ചെയ്യുന്ന ഒരു അഹ്മദിയാകുന്നതിന് അതിരറ്റ അധ്വാനം ചെയ്യേണ്ട ആവശ്യമുണ്ട്; ഒരു അഹ്മദിയിൽനിന്ന് പ്രതീക്ഷിക്കപ്പെടുന്ന കർമങ്ങൾ പൂർണമായ ഉത്സാഹത്തോടും സമാധാനത്തോടുംകൂടി നടപ്പിൽ കൊണ്ടുവരിക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമായും പറയുന്നു. ബയ്അത്തിന്റെ ഉദ്ദേശ്യംതന്നെ സ്വയം അല്ലാഹുവിനേല്പിച്ചുകൊടുക്കലാണ്. അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് നല്കി എന്നത് നമ്മുടെമേലുള്ള അവന്റെ വലിയ ഔദാര്യമാണ്; അദ്ദേഹത്തെ നബി(സ)തിരുമേനി 'നമ്മുടെ മഹ്ദി' എന്ന അഭിധാനംകൊണ്ട് വിളിച്ചിരിക്കുന്നു. ഈ സ്നേഹത്തിന്റേയും സാമീപ്യത്തിന്റേയും പ്രകടനത്തിന്റെ ഉന്നതസ്ഥാനം, അത് നബി(സ)തിരുമേനി, ഹദ്റത്ത് മസീഹ് മൗഊദ്(അ)നും മഹ്ദിയെ മഅ്ഹൂദിനും പ്രദാനം ചെയ്തതാണ്. അദ്ദേഹം അന്തിമകാലത്ത് ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനും സമാധാന സംസ്ഥാപനത്തിനുമായി ലോകത്ത് വരണമായിരുന്നു.

അവിടന്ന്(അ), തന്നെ വിശ്വസിക്കുന്നവർക്ക് വലിയ വേദനയോടുകൂടി ബയ്അത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ഉപദേശം നല്കിയിരിക്കുന്നു; നമ്മൾ യഥാർഥ അഹ്മദികളാകാൻ. ഇത് പതിവായി നമ്മുടെ മുന്നിൽ വെക്കേണ്ടതായ ഉപദേശങ്ങളാണ്. ഇതുതന്നെയാണ് നമ്മുടെ ആത്മീയ ശിക്ഷണത്തിനുള്ള മാർഗവും. ഇതുമുഖേനതന്നെ നമുക്ക് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള വഴികളും അന്വേഷിക്കാൻ കഴിയും. ഈ മാർഗം മുഖേന തന്നെയാണ് നമുക്ക് നമ്മുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥകളെ നന്നാക്കാൻ കഴിയുന്നതും, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാൻ കഴിയുന്നതും. ഈ ഖജനാവ് ഉണ്ടായിരിക്കെ ഇതിൽനിന്ന് ഫലമെടുക്കാതിരിക്കുന്നത് നമ്മുടെ ദൗർഭാഗ്യമായിരിക്കും. അതിനാൽ ജമാഅത്തിലെ ഓരോ വ്യക്തിയുടേയും നിർബന്ധകടമയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ, സന്മാർഗം കരസ്ഥമാക്കുന്നതിന് വായിക്കുകയും ചിന്തിക്കുകയും അതനുസരിച്ച് കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക എന്നത്; ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്ന ആ ഉന്നതമായ ആത്മീയപദവികൾ കരസ്ഥമാക്കുന്നവരാകാൻ!

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് *ഇന്നല്ലാഹ മഅല്ലദീനത്തഖൗ വ്വല്ലദീനഹും മ്മുഹ്സിനൂൻ* എന്ന് പല പ്രാവശ്യം ഇൽഹാമുണ്ടായിട്ടുണ്ട്. അതായത് തഖ്വ സ്വായത്തമാക്കുന്നവരെ രക്ഷിക്കുന്നതിലും സഹായിക്കുന്നതിലുമാണ് അല്ലാഹു ഉള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ഈ ഇൽഹാം 2000 വട്ടം ഉണ്ടായിട്ടുണ്ടോ എന്ന് അല്ലാഹുവിന്നറിയാം. ജമാഅത്തിൽ ചേർന്നിരിക്കുന്നുവെന്നതിൽ മാത്രം തൃപ്തിപ്പെടരുതെന്നും അല്ലെങ്കിൽ ശുഷ്കമായ ഈമാനിൽ തൃപ്തിപ്പെടരുതെന്നും അല്ലാഹുവിന്റെ സാമീപ്യവും സഹായവും ലഭിക്കുന്നത് സത്യമായ ദൈവഭയവും പിന്നീട് നന്മയും ഒപ്പമുണ്ടാകുമ്പോഴാണെന്നും ജമാഅത്തിനു മനസ്സിലാകണം എന്നതാണ് അതുകൊണ്ടുള്ള ഉദ്ദേശ്യം.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിരിക്കുന്നുവെന്ന് വാദിക്കുന്ന നമ്മളിൽ കേവലം വാക്കുകൾ വായിക്കുകയും കേൾക്കുകയും ചെയ്യാതെ അതനുസരിച്ച് കർമം ചെയ്തുകൊണ്ട് നമ്മുടെ ആത്മീയാവസ്ഥകളെ ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രതീക്ഷിക്കുന്നതുവരെ ഉയർത്തിക്കൊണ്ടുപോകുക എന്നത് നമ്മുടെ നിർബന്ധകടമയാണ്. ഏറ്റവും പ്രധാനപ്പെട്ടത് അല്ലാഹുവുമായി നമ്മൾ വ്യക്തിഗതമായ ബന്ധം സ്ഥാപിച്ചുകൊണ്ട് നമ്മുടെ ആത്മീയാവസ്ഥ മെച്ചപ്പെടുത്തുകയും നിരന്തരം നമ്മുടെ കർമങ്ങളെ നന്നാക്കിത്തീർക്കുകയും തബ്ലീഗിന്റെ പുതുവഴികൾ തുറക്കുകയും ചെയ്യുക എന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിച്ചുവെന്നതിൽ മാത്രം നമ്മൾ നില്ക്കാൻ പാടില്ല; അദ്ദേഹം നബി(സ) തിരുമേനിയുടെ ഒരു സമ്പൂർണ അനുയായി ആയിരുന്നു.

(ശേഷം പേജ് 11ൽ)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'**

**(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)**

**(ഖുത്വ്ബ ജുമുഅ 29 – 5 – 2015)**

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

## ഖുത്ബ ജുമുഅ

### അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുക എന്നതാണ് ജൽസയുടെ ഉദ്ദേശ്യം

ആതിഥ്യം നല്കുക എന്നത് അതിഥിയുടെ അവകാശമാണെങ്കിൽ
അതിഥി ആതിഥേയനുള്ള അവകാശവും നിറവേറ്റണ്ടതാണ്; ഭാരമാകാൻ പാടില്ല.

കേന്ദ്ര ജൽസ യു.കെ.യുടേതുതന്നെയാണ്. ഖിലാഫത്തിന്റെ കേന്ദ്രം ഇതായിരിക്കുന്നതിനാൽ
വെളിയിൽനിന്നുള്ളവർ ഇവിടെ വരാൻ കൂടുതൽ ആഗ്രഹിക്കുന്നു.

*നബി(സ)തിരുമേനിയുടെ സുന്നത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദാഹരണങ്ങളും നല്കിക്കൊണ്ട് അതിഥി സൽക്കാരത്തിന്റെ പ്രാധാന്യത്തിന്റേയും അതിഥികളും ആതിഥേയരും തങ്ങളുടെ കടമകൾ നിറവേറ്റേണ്ടതിന്റേയും വിവരണം. ജൽസ ദിനങ്ങളിൽ തഹജ്ജുദിലും മറ്റു ആരാധനാ കർമങ്ങളിലും കൂടുതൽ ശ്രദ്ധിക്കാൻ ഉപദേശം.*

എല്ലാ വകുപ്പുകളുടേയും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നതിനും
ജൽസയുടെ വിജയത്തിനുംവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2019 ആഗസ്റ്റ് 02/1398 ളുഹൂർ 2**
**ഹദീഖത്തുൽ മഹ്ദി ആൾട്ടൺ, ഹാംപ്ഷയർ യു.കെ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

അല്ലാഹു നമുക്ക് വീണ്ടും യു.കെ ജൽസാ സാലാനയിൽ പങ്കെടുക്കുവാനുള്ള തൗഫീഖ് നൽകിയിരിക്കുകയാണ്. കഴിഞ്ഞ മാസം ജർമനിയുടെ ജൽസാ സാലാന സംഘടിപ്പിച്ചു. ലോകത്തിലെ വലിയ പാശ്ചാത്യ രാജ്യങ്ങളിലെ ജമാഅത്തുകളിൽ കനഡ ജമാഅത്തിന്റെ ജൽസ നടന്നു. (അത് ജർമനി ജൽസയുടെ ദിനങ്ങളിൽത്തന്നെയായിരുന്നു). പിന്നീട് കഴിഞ്ഞ മാസം അമേരിക്കയിലെ ജൽസ സാലാന നടന്നു. ലോകത്തിലെ മറ്റു ധാരാളം രാജ്യങ്ങളിലും വളരെ ഊർജസ്വലമായി ജൽസകൾ നടന്നു. എല്ലായിടത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പമുള്ള അല്ലാഹുവിന്റെ സഹായവാഗ്ദാനങ്ങൾ പുലരുന്നതായി കാണുന്നു. എന്നിരുന്നാലും യു.കെ ജൽസ സാലാനയുടെ അതിന്റേതായ ഒരു നിലയുടെ അടിസ്ഥാനത്തിൽ ലോകത്തിന്റെ ദൃഷ്ടി പ്രത്യേകമായ നിലയിൽ ഇവിടേക്കുണ്ടായികൊണ്ടിരിക്കുന്നു; നമ്മുടേയും അന്യരുടേയും! എല്ലാ രീതിയിലും ഈ ജൽസയ്ക്ക് അന്താരാഷ്ട്ര ജൽസയുടെ നില കൈവന്നിരിക്കുകയാണ്. ഈ ജൽസ ഇപ്പോൾ യു.കെ.യുടെ ജൽസ മാത്രമല്ല; ജർമനി ജൽസയെ കുറിച്ച് 'ഇപ്പോൾ ജർമനി ജൽസയും അന്താരാഷ്ട്രനില പ്രാപിച്ചിരിക്കുന്നു' എന്ന് ഞാൻ പറഞ്ഞതുപോലെ! ധാരാളം രാഷ്ട്രങ്ങളുടെ പ്രാതിനിധ്യം അവിടേയുമുണ്ടായിരുന്നു. ഹാജർ നിലയുടെ അടിസ്ഥാനത്തിലും ജർമനി ജൽസയുടെ ഹാജർനില ഒരുപക്ഷേ, ഇവിടത്തെക്കാൾ കൂടുതലായിരിക്കും. പക്ഷേ, എങ്കിലും കേന്ദ്രജൽസ യു.കെ.യുടേതു തന്നെയാണ്. ഇവിടെ പങ്കെടുക്കാൻ പുറം രാജ്യങ്ങളിലുള്ളവരുടെ ശ്രമം വളരെ അധികമാണ്. എന്തുകൊണ്ടെന്നാൽ ഖിലാഫത്തിന്റെ ആസ്ഥാനം ഇവിടെയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള നമ്മുടെ സ്വന്തമാളുകളും അന്യരും യു.കെ ജൽസയിൽ പങ്കെടുക്കാൻ ശ്രമിക്കുന്നു. അതനുസരിച്ച് ഇവിടെയുള്ള ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വവും വർധിക്കുന്നു. പിന്നെ ഇവിടെ ഹദീഖത്തുൽ മഹ്ദിയിൽ നിർമിക്കപ്പെടുന്ന താല്കാലിക നഗരത്തിലെ സംവിധാനങ്ങളിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതായി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഉദ്യോഗസ്ഥന്മാരോടു അവരുടെ ഡ്യൂട്ടികളേയും ചുമതലകളേയും കുറിച്ച് പറയുന്നതുപോലെ ഈ നേരത്ത് ഇതു സംബന്ധമായി ഞാൻ ആദ്യം സംസാരിക്കുന്നതായിരിക്കും.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ യിലുള്ള വൃദ്ധരും യുവാക്കളും കുട്ടികളും സ്ത്രീകളും പെൺകുട്ടികളും കഴിഞ്ഞ 35 വർഷമായി അതായത് ഖിലാഫത്തിന്റെ കേന്ദ്രം ഇങ്ങോട്ടു മാറിയതിനുശേഷംമുതൽ കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യത്തിൽ നടക്കുന്ന ജൽസയ്ക്കുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടുവരികയാണ്. വളരെ സന്തോഷത്തോടെ ഡ്യൂട്ടികളും നിർവഹിക്കുന്നു. യു.കെ.യുടെ ജൽസസാലാനയുടെ ചരിത്രവും അല്ലെങ്കിൽത്തന്നെ വളരെ പഴക്കമുള്ളതാണ്. പക്ഷേ, അക്കാലത്തെ ജൽസ ഇപ്പോഴത്തെ ഇവിടുത്തെ ഒരു ഹൽഖയുടെ മാസാന്ത മീറ്റിംഗിനെക്കാൾ എണ്ണസംഖ്യയുടെ അടിസ്ഥാനത്തിൽ കുറവായിരിക്കും. അതുകൊണ്ടാണ് ഞാൻ കഴിഞ്ഞ 35 വർഷത്തെ ചരിത്രത്തെ ഉദ്ധരിച്ചത്. അത് അഹ്മദിയ്യാ ഖിലാഫത്തിന്റെ കേന്ദ്രത്തിന്റെ യു.കെ.യിൽ നടന്ന ജൽസകളുടെ ചരിത്രമാണ്.

എന്തായാലും ആരംഭകാലത്ത് സംഘടിപ്പിക്കപ്പെട്ട ജൽസസാലാനകളിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നേരിട്ട് ഒരുപാട് മാർഗനിർദേശങ്ങൾ നല്കിയിരുന്നു. ഇവിടെ ഏർപാടുകൾ പറഞ്ഞുകൊടുക്കുന്നതിന് ഒരുപാട് അദ്ദേഹത്തിന് അധ്വാനിക്കേണ്ടിവന്നു. പാക്കിസ്താനിൽനിന്നുള്ള ഭാരവാഹികളുടേയും സഹായം തേടേണ്ടിവന്നു. അവർ ഇവിടുത്തെ സംഘാടകരുമായി ചേർന്ന് ജോലി ചെയ്തു. ലങ്കറിന്റെ(ഭക്ഷണശാല) ഏർപാട് ഒരു വലിയ ഏർപാടുതന്നെയാണ്. ഇവിടെ പ്രവർത്തനമാർഗങ്ങളും നമ്മൾ ആഗ്രഹിക്കുന്ന വിധം പാക്കിസ്താനിലെപോലെ അത്ര സൗകര്യപ്രദമല്ല. അതുകൊണ്ട് ആരംഭത്തിൽ അഞ്ചായിരം ആറായിരം പേർക്കുപോലും ഏർപാടു ചെയ്യുക എന്നത് അവർക്ക് വളരെ ദുഷ്കരമായിരുന്നു; ഇപ്പോൾ രണ്ട് രണ്ടര ലക്ഷംപേർക്കു സൗകര്യം ചെയ്യുന്നതുപോലെ. ഖിലാഫത്ത് ഇവിടേക്ക് ഹിജ്റത്ത് ചെയ്തതിനുശേഷം ആദ്യമായി 1988 ലെ ജൽസയിലാണ് ഞാൻ പങ്കെടുത്തത്. ആ സമയത്ത് സംഘാടകരുടെ പ്രവർത്തനം കണ്ട് അഞ്ചായിരം ആറായിരം പേർക്കുവേണ്ടിയുള്ള സൗകര്യം ഒരുക്കുന്നതിൽ ഇവർ എത്ര ബുദ്ധിമുട്ടുന്നുവെന്ന് തോന്നിയിട്ടുണ്ട്. എന്തായാലും ഇന്ന് നമ്മൾ കാണുന്നത് ഏർപാടുകൾ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഇവിടുത്തെ ഉദ്യോഗസ്ഥർ ഒരു പക്ഷേ, റബ്വയിലെ ഉദ്യോഗസ്ഥരെ സഹായിക്കാൻ തക്ക പ്രാപ്തരായിത്തീർന്നിരിക്കുന്നുവെന്നാണ്. കഴിഞ്ഞയാഴ്ച ഉദ്യോഗസ്ഥരുമായുള്ള ജൽസയുടെ ഒരുക്കങ്ങൾ പരിശോധിച്ചതിനുശേഷം ഭക്ഷണത്തിനിരുന്നപ്പോൾ റബ്വയിൽനിന്നുവന്ന നാളിർ ഉമൂറെ ഖാരിജ അദ്ദേഹം നായിബ് അഫ്സർ ജൽസ സാലാനയുമാണ് ഇരിക്കുന്നുണ്ടായിരുന്നു. ഭക്ഷണത്തിനുശേഷം ഞാൻ കണ്ടത് അദ്ദേഹം റബ്വയിൽനിന്നു വന്ന ഒരു പ്രതിനിധി ഉദ്യോഗസ്ഥനെ വിളിച്ച് കുറച്ചു കാര്യങ്ങൾ സംസാരിക്കുന്നതാണ്. എന്താ പ്രശ്നമുണ്ടായതെന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു, നമ്മൾ തിന്നുകൊണ്ടിരിക്കുന്ന ലങ്കറിലെ ഈ റൊട്ടി ക്വാളിറ്റിയിൽ വളരെ നല്ലതാണ്. ഞങ്ങൾ റബ്വയിൽ നല്ല റൊട്ടി ഉണ്ടാക്കുന്നതിന് ട്രയൽ ചെയ്യുന്നുണ്ട്. (അവിടേയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്ഥിരമായി ട്രയൽ നടക്കുന്നുണ്ട്. മിഷ്യന്റെ പ്രവർത്തനം കാര്യക്ഷമമാക്കിവെക്കാനും ഡ്യൂട്ടികളുടെ ശീലം നിലനിറുത്താനും താൽക്കാലികമായി ഒന്നുരണ്ടു ദിവസത്തേക്ക് ലങ്കർ നടത്തുന്നു. എന്തായാലും അദ്ദേഹം പറയുന്നു) അവിടെ നമ്മുടെ റൊട്ടി ഈ നിലവാരത്തിലുള്ളതല്ല. ഞാൻ ഈ ഉദ്യോഗസ്ഥനോടു പറയുകയായിരുന്നു, ഇവിടുത്തെ റൊട്ടിപ്ലാന്റുകാരോടു ഈ റൊട്ടിയുടെ നിലവാരത്തെ കുറിച്ച് ചോദിച്ചറിയുക. ആട്ടയുടേയും വെള്ളത്തിന്റേയും റേഷ്യോ എന്താണ്? ഈ ആട്ടയുടേയും വെള്ളത്തിന്റേയും റേഷ്യോ വലിയ കൗണ്ട് ചെയ്യുന്നു. അവരുടെ കുറിപ്പടി ചോദിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ നമ്മുടെ ഇവിടുത്തെ ജോലിക്കാർ തങ്ങളുടെ അനുഭവസമ്പത്തു നേടിയതിനുശേഷം എത്രമാത്രം വിദഗ്ധരായിരിക്കുന്നുവെന്നാൽ അവരുടെ റൊട്ടി റബ്വയിലെ ഓഫീസർമാരും ഇഷ്ടപ്പെടാൻ തുടങ്ങിയിരിക്കുന്നു.

ഇപ്രാവശ്യം റൊട്ടിപ്ലാന്റിൽ ജോലി ചെയ്യുന്ന യുവാക്കളായ എഞ്ചിനിയർമാർ ആട്ട കുഴയ്ക്കുന്ന മിഷ്യനുകളിലും ചില improvements ചെയ്തിരിക്കുന്നു. ഇതു മുഖേന ആട്ട കുഴച്ചെടുക്കു

ന്നതിൽ എളുപ്പമുണ്ടായിട്ടുണ്ട്. റൊട്ടിപ്ലാന്റിലെ ഇൻചാർജും- യുവാവായ എഞ്ചിനിയർ അദ്ദേഹം വഖ്ഫെ നൗവുമാണ് ഇതിൽ ജോലി ചെയ്യുന്നു. അദ്ദേഹത്തിന്റെ ടീമിലെ അംഗങ്ങളും അതിനെ കൂടുതൽ സുതാര്യമാക്കാനുള്ള ശ്രമത്തിലാണ്. ആട്ട കുഴയ്ക്കുന്ന മിഷ്യൻ മുതൽ ചുട്ടെടുക്കുന്ന മിഷ്യൻവരെ നേരിട്ട് ആട്ട എത്തുന്നതാക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഇപ്പോഴുള്ള ജോലിക്കാർക്ക് ബക്കറ്റിലൂടെ കുഴച്ച ആട്ട എത്തിക്കേണ്ടിവരുന്നു. അങ്ങനെ തുടർച്ചയായ ബന്ധം മുറിഞ്ഞുപോകുന്നു. ഇതിന്റെ ഉദ്ദേശ്യം നമ്മൾ ഈ ആട്ടോ മിഷ്യൻ കാരണത്താൽ ജോലിക്കാരെ സേവനത്തിൽനിന്ന് തടയുമെന്നല്ല. ഈ ജോലിക്കാരെ നമ്മൾ മറ്റു നല്ല സേവനങ്ങളിൽ ഉപയോഗിക്കുന്നതായിരിക്കും. ഇൻശാഅല്ലാഹ്. ഇതാണ് നമ്മുടെ ജമാഅത്തിന്റെ പ്രത്യേകത. കുട്ടിക്കാലം മുതൽ വലിയതാകുന്നതുവരെ നമ്മുടെ ജോലിക്കാർ വലിയ ഉത്സാഹത്തോടെ എല്ലാ ജോലിയിലും തങ്ങളുടെ ഉന്നതമായ കഴിവുകളോടുകൂടി ജോലി ചെയ്യാൻ ശ്രമിക്കുന്നു.

എന്തായാലും ഇതു പറഞ്ഞതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് അഞ്ചായിരം ആറായിരംപേർക്ക് ഭക്ഷണമുണ്ടാക്കാൻ ബുദ്ധിമുട്ടിയിരുന്ന ആ കാലം എവിടെ. അത് സംഘാടകർക്ക് ഒരു വെല്ലുവിളിയായിരുന്നു. 90 ശതമാനവും റൊട്ടി വെളിയിൽനിന്നാണ് വാങ്ങിയിരുന്നത്. ഒരു ചെറിയ സെക്കന്റ് ഹാന്റ് റൊട്ടിപ്ലാന്റ് മിഷ്യൻ വാങ്ങിയിരുന്നു. അത് ഇടയ്ക്കിടെ കേടായിക്കൊണ്ടിരുന്നു. എഞ്ചിനിയർമാർ സ്ഥിരമായി അതിന്റെമേൽ കാവലിരുന്നു. അതിൽ നമ്മുടെ പഴയകാല പുണ്യാത്മക്കളായ എഞ്ചിനിയർമാർ ഒരുപാട് ജോലികൾ ചെയ്തിരുന്നു. ആ പ്ലാന്റ് വളരെ കുറച്ച് ആയിരം റൊട്ടികൾമാത്രമാണ് ഉണ്ടാക്കിയിരുന്നത്. അതും വൃത്താകൃതിയിലായിരുന്നില്ല. Pita bread പോലെയായിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുപ്പത്തയ്യായിരം നാല്പതിനായിരം ആളുകൾക്കുവേണ്ടി ഇത് സ്വയം റൊട്ടി ഉണ്ടാക്കുന്നു. ലക്ഷക്കണക്കിന് റൊട്ടികളാണ് ഉണ്ടാക്കുന്നത്. ഇത് ഏതു ക്വാളിറ്റിയിലാണെന്നാൽ ഞാൻ സ്വയം നോക്കുകയുണ്ടായി ആളുകൾ അതിഷ്ടപ്പെടുന്നു. ഞാൻ സമയാസമയങ്ങളിൽ സ്വയം അത് പരിശോധിച്ചു നോക്കാറുണ്ട്. ആദ്യമുണ്ടാക്കിയിരുന്ന റൊട്ടിയേക്കാൾ എത്രയോ മികച്ചതാണ് ഇപ്പോഴത്തെ റൊട്ടി. അല്ലാഹു ഈ ജോലിയി ൽ ഏർപ്പെട്ടിരിക്കുന്ന യുവാക്കൾക്ക് കൂടുതൽ നൈപുണ്യം പ്രദാനം ചെയ്യുമാറാകട്ടെ. അവർക്കു കൂടുതൽ ബുദ്ധിശക്തിയും ജൽസയിൽ പങ്കെടുക്കുന്ന അതിഥികളെ മുമ്പത്തേക്കാളുപരി സേവിക്കുവാനുള്ള പ്രാപ്തിയും നൽകുമാറാകട്ടെ.

അതുപോലെതന്നെ ലങ്കർഖാനയിൽ ഭക്ഷണം പാകം ചെയ്യുന്ന ടീം അവരവരുടെ ഇൻചാർജ് സാഹിബുമാരുടെ കൂടെ വളരെ അധ്വാനത്തോടെയും ഉത്സാഹത്തോടെയും ജോലി ചെയ്യുന്നു. ഭക്ഷണത്തിന്റെ നിലവാരം ഉയർന്നതാണ്. ഈ മൂന്നു ദിവസവും ഇതുപോലെ നന്നായിരിക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ.

പിന്നെ ലങ്കർഖാനയിൽ ചെമ്പുകൾ കഴുകുന്ന വിഭാഗമാണ്. ഇതും വലിയൊരു ജോലിയാണ്. കുറച്ചുവർഷംമുമ്പേ നമ്മുടെ അഹ്മദി എഞ്ചിനിയർമാർ ഉണ്ടാക്കിയ ചെമ്പുകൾ കഴുകുന്ന മിഷ്യനുകൾ വാങ്ങി നല്കിയിരുന്നു. ജർമനിക്കാർ അത് വളരെ ഇഷ്ടപ്പെടുന്നു. അവിടെ വളരെ വിജയമാണ്. അവർ അതിന്റെ വലിയ ബോധവാന്മാരാണ്. വളരെ പെട്ടെന്ന് ഈ മിഷ്യൻ, ചെമ്പുകൾ കഴുകി പുറത്തു തരുന്നു. ഇവിടെ നമ്മുടെ ഈ വകുപ്പ് രണ്ടുമൂന്നുവർഷംവരെ ആ മിഷ്യനാണ് ഉപയോഗിച്ചത്. അതിനോടൊപ്പം കൈകൊണ്ടും ചെമ്പുകൾ കഴുകിക്കൊണ്ടിരുന്നു. ഈ ജോലി തുടർന്നുവന്നു. ഈ മിഷ്യൻ നിർബന്ധമായും ഉപയോഗിക്കണമെന്ന് ഞാൻ പറഞ്ഞതുകൊണ്ട് അവർ അത് ചെയ്തു. പക്ഷേ, കഴിഞ്ഞ വർഷം മുതൽ തങ്ങളെ പാത്രം കൈകൊണ്ടു കഴുകാൻ അനുവദിക്കണമെന്ന് പറയാൻ തുടങ്ങി. കുറഞ്ഞ സമയം കൊണ്ട് തങ്ങൾ ഇതു കഴുകുന്നതാണെന്നും പറഞ്ഞു. അതായത് എത്രസമയംകൊണ്ടാണോ മിഷ്യൻ ഒരു ചെമ്പു കഴുകുന്നത് തങ്ങൾ ആ സമയംകൊണ്ട് മൂന്നു ചെമ്പു കഴുകുമെന്ന് പറഞ്ഞു. കഴുകിയതും അതിനെക്കാൾ മെച്ചപ്പെട്ട നിലയിലായിരുന്നു. താങ്കൾ ഈ വകുപ്പിൽ ഏതോ ജിന്നിനെ വെച്ചിട്ടുണ്ടെന്ന് തോന്നുന്നുവെന്ന് ഞാൻ അവരുടെ ഇൻചാർജിനോടു തമാശയായി ആ ദിവസം പറഞ്ഞിരുന്നു. അവർ എത്രപ്പെട്ടെന്നാണ് വൃത്തിയാക്കുന്നത്. ഇത്ര കുറഞ്ഞ സമയംകൊണ്ട് ചെമ്പുകൾ കഴുകാൻ കഴിയുമെന്നത് ജർമനിക്കാർ ഇപ്പോഴും സമ്മതിക്കാൻ തയ്യാറല്ല. എന്തായാലും ഈ വകുപ്പിൽ ഈയാളുകൾ വളരെ അധ്വാനത്തോടെ ജോലികൾ ചെയ്യുന്നു. ഒന്ന് കഠിനമായി അധ്വാനിക്കുക, സമയം ചെലവഴിക്കുക്കുക. ഇവർ വെറും അധ്വാനിക്കുക മാത്രമല്ല ചെയ്യുന്നത്. ഇത് വളരെ പ്രയാസമുള്ള ജോലിയുമാണ്.

പാക്കിസ്താനിലും ഖാദിയാനിലും ഈ ജോലി തൊഴിലാളികൾക്ക് കൂലികൊടുത്ത് ചെയ്യിക്കുകയാണ്. എന്നാൽ, ഇവിടെ വളരെ ആത്മാർഥതയോടും ആവേശത്തോടുംകൂടി ഡ്യൂട്ടിക്കാരാണ് ഈ ജോലി ചെയ്യുന്നത്.

പിന്നെ ഭക്ഷണം വിതരണം ചെയ്യുന്ന വിഭാഗമാണ്. അതും ഇത്തവണ മെച്ചപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. അതിഥികൾക്ക് കുറഞ്ഞ സമയത്തിനുള്ളിൽ ധിറുതി കൂടാതെ ഭക്ഷണം നൽകുന്നതിന് പന്തലുകളുടെ എണ്ണവും കൂട്ടിയിട്ടുണ്ട്.

കൂടാതെ മറ്റു വകുപ്പുകളായ ക്ലീനിങ്, കാർ പാർക്കിങ്, ട്രാഫിക്, പിന്നെ ജൽസാ ഗാഹിനകത്തു തന്നെ വിവിധ വിഭാഗങ്ങളുമുണ്ട്. സെക്യൂരിറ്റിയുടെ ഒരു വളരെ സുപ്രധാനമായ വിഭാഗമുണ്ട്. കൂടാതെ മറ്റു വിവിധ വകുപ്പുകളുമുണ്ട്. എല്ലാ വിഭാഗങ്ങളും അതാതിന്റെ സ്ഥാനത്ത് പ്രധാനപ്പെട്ടതു തന്നെയാണ്. ഈ എല്ലാ വകുപ്പുകളിലും ജോലി ചെയ്യുന്നതിന് ആയിരക്കണക്കിന് പ്രവർത്തകർക്ക് തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നു. അതുപോലെ തന്നെ ഡ്യൂട്ടിക്കാരായ സ്ത്രീകളുമുണ്ട്. അവർക്കും അവസരം ലഭിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു ഇവർക്കെല്ലാവർക്കും നല്ല രീതിയിൽ സേവനം ചെയ്യുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഡ്യൂട്ടിക്കാരോട് ഞാൻ എപ്പോഴും പറയാറുള്ളതുപോലെ, നിങ്ങൾ ഏതൊരു ആവേശത്തോടും താല്പര്യത്തോടും കൂടിയാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കുന്നതിന് സ്വയം സമർപ്പിച്ചത് ആ വികാരം അവസാനം വരെയും നിലനിറുത്തേണ്ടതാണ്. ജൽസയ്ക്കുശേഷവും വൈന്റപ്പ് (Wind up) ന്റെ വകുപ്പുണ്ട്. അതിൽ കുറഞ്ഞത് ഒരാഴ്ച ജോലി ചെയ്യേണ്ടിവരുന്നു.

നിങ്ങൾ അതിരറ്റ സ്നേഹം നിലനിറുത്തിയെന്ന കാര്യം പ്രകടമാകുന്നത് നിങ്ങളുടെ മുഖങ്ങളിലുള്ള പുഞ്ചിരിയും അതിഥികളോട് കാണിക്കുന്ന ആദരവോടെയുള്ള പെരുമാറ്റവും മുഖേനയായിരിക്കും. ആയതിനാൽ ഈ ജൽസയിൽ പങ്കെടുക്കുന്ന അതിഥികളെ സേവിക്കുന്നതിന് വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളുമായ പ്രവർത്തകർ ഓർക്കേണ്ടത്, അവർ ഈ ജൽസയിൽ ഇരട്ടി പ്രതിഫലം നേടുകയും അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുകയുമാണ് ചെയ്യുന്നതെന്നാണ്. ഒന്ന് ജൽസസാലാനയിൽ പങ്കെടുത്തുകൊണ്ട് ഈ ജൽസസാലാനയിലുള്ള ബർക്കത്തുകളിൽ അ നുഗ്രഹം പ്രാപിച്ച്, രണ്ടാമത്തേത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേ വനം ചെയ്ത് ആ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നു.

ആതിഥ്യം അല്ലാഹുവിനും പ്രിയപ്പെട്ടതാണ്. എത്രമാത്രം പ്രിയപ്പെട്ടതാണെന്നാൽ ഹദ്റത്ത് ഇബ്റാഹീം നബി(അ)യെ സംബന്ധിച്ച് ഇതു സംബന്ധമായി രണ്ടു സ്ഥലങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അഥവാ അതിഥികൾക്ക് ആഹാരം നല്കുന്നത് വെറുമൊരു സാധാരണ കാര്യമായിരുന്നെങ്കിൽ അതിഥികളുടെ ആഗമനത്തെക്കുറിച്ചു പറഞ്ഞയിടങ്ങളിലെല്ലാം ഭക്ഷണം കൊടുത്തതിനെക്കുറിച്ച് പരാമർശിക്കുമായിരുന്നില്ല. പിന്നീട് സലാമും ദുആയ്ക്കും ശേഷം ആദ്യം ചെയ്ത ജോലി പെട്ടെന്ന് പാകം ചെയ്ത് കാളക്കുട്ടിയെ സമർപിച്ചു. അല്ലാഹു പറയുന്നു: *ഫമാ ലബിഥ അൻ ജാഅ ബി യിജ്‌ലിൻ ഹനീദ്*(11:70) അപ്പോൾ പൊരിച്ച് പാകപ്പെടുത്തിയ ഒരു കാളക്കിടാവിനെ കൊണ്ടുവരുന്നതിന് അദ്ദേഹം വൈകിയില്ല. അക്കാലത്ത് എന്താണോ ചെയ്യാൻ കഴിഞ്ഞിരുന്നത് അത് ചെയ്തു. തന്റെ മൃഗത്തെ അറുത്ത് അത് അതിഥികളുടെ മുമ്പിൽ സമർപിക്കുക എന്നതും വളരെ വലിയ സൽക്കാരമായിരുന്നു. അവിടെ അത് പെട്ടന്ന് ലഭ്യവുമായിരുന്നു. അക്കാലത്തെ ആതിഥ്യസൽക്കാരത്തിന്റെ രീതി, അതിന്റെ ഉദാത്തമായ നലിവാരം കാണിക്കപ്പെട്ടു. ഇക്കാലത്തെ അവസ്ഥകളനുസരിച്ചുള്ള ആതിഥ്യം അതാണ് നമ്മൾ ചെയ്യേണ്ടത്. ഇവിടേയും അതിഥികളെ അതുപോലെ തന്നെ സൽക്കരിക്കേണ്ടതാണ്. തീർച്ചയായും അധ്വാനത്തോടെ ചെയ്യണമെന്നില്ല. വളരെ പ്രയാസപ്പെട്ട് കാളക്കുട്ടിയെ അന്വേഷിച്ച് നടക്കുക തുടങ്ങിയും. എന്താണോ എളുപ്പത്തിൽ ചെയ്യാൻ കഴിയുന്നത്, ലഭ്യമാകുന്നത് അത് നന്നായി ചെയ്യുക എന്നതാണ്. ഇതുസംബന്ധമായി നബി(സ)തിരുമേനിയുടെ ഉത്തമ മാതൃക നമ്മുടെ മുമ്പിലുണ്ട്. കാരക്കയാണ് ലഭ്യമാകുന്നതെങ്കിൽ അത് കൊടുക്കുക. മാംസമോ അതല്ല വേറെ നല്ല ഭക്ഷണമോ ആണെങ്കിൽ അത് നല്കുക. ഇനി ആടിന്റെ പാലാണുള്ളതെങ്കിൽ അതു കൊടുക്കുക. ഇനി നിങ്ങളുടെ കൈയിൽ ഒന്നുമില്ലെങ്കിൽ ഈ അതിഥിയെ നിങ്ങളുടെ വീട്ടിൽകൊണ്ടുപോകുകയും അവരെ സൽക്കരിക്കുകയും ചെയ്യുക എന്ന് സ്വഹാബത്തിനോടു പറഞ്ഞു.

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർക്കായുള്ള നബി(സ)തിരുമേനിയുടെ മൂന്നു കല്പനകളും ഒരാൾ മറ്റൊരാളോടുള്ള കടമ നിറവേറ്റുന്നതുമായി ബന്ധപ്പെട്ടവയാണ്. അതുപോ


**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ലെ സമൂഹത്തിൽ സമാധാനാന്തരീക്ഷം ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ടതാണ്. അതിൽ ഒന്നാമത്തെ കാര്യം നല്ലതു സംസാരിക്കുക അല്ലാത്തപക്ഷം മൗനം പാലിക്കുക എന്നതാണ്. അനാവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് അ സമാധാനം ഉണ്ടാക്കരുത്. പരസ്പരം വിദ്വേഷമുണ്ടാക്കരുത്. ഒരു വിശ്വാസി ഒരിക്കലും അനാവശ്യ കാര്യങ്ങൾ സംസാരിക്കുകയില്ല. രണ്ടാമത്തെ കാര്യം അയൽവാസികളെ ആദരിക്കുക എന്നതാണ്. എന്തെന്നാൽ അയൽവാസിക്ക് ഒരുപാട് അവകാശങ്ങളുണ്ട്. അവരെ ആദരിക്കുകയും അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ ഈ ജൽസയിൽ പങ്കെടുക്കുന്നവർ, വരുന്ന അതിഥികളും ജോലിചെയ്യുന്നവരും അതിഥികൾക്കു വേണ്ടി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരും എല്ലാവരും പരസ്പരം അയൽവാസികളുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അതിഥികളും ജോലി ചെയ്യുന്നവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. ഉദ്യോഗസ്ഥരും അതിഥികളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. പിന്നീട് പരസ്പരം കാണുമ്പോൾ സ്നേഹത്തോടും ബഹുമാനത്തോടുംകൂടി പെരുമാറുക. മൂന്നാമത്തെ കാര്യം പറഞ്ഞത് സ്വന്തം അതിഥികളെ ആദരിക്കുക എന്നാണ്.(സ്വഹീഹ് മുസ്‌ലിം, കിതാബുൽഈമാൻ, ഹദീഥ് 47)

ഇത് പ്രത്യേകിച്ചും ആതിഥേയർക്കുള്ളതാണ്. ഒരു ശാന്തസുന്ദരമായ സമൂഹത്തിന്റെ സംസ്ഥാപനത്തിന് ഇത് അടിത്തറയാണ്. അല്ലാഹുവിന്റെ കല്പനകളിൽ ഇത് ഒരു കല്പനയും ഒരു വിശ്വാസിയുടെ അടയാളവുമാണ്. നബി(സ)തിരുമേനിയുടെ അടുക്കൽ കൂടുതൽ അതിഥികൾ വരുമ്പോൾ അവരെ സ്വഹാബാക്കൾക്കിടയിൽ വീതിക്കുമായിരുന്നു. പിന്നീട് നിങ്ങളുടെ സഹോദരങ്ങൾ നല്ല രീതിയിൽ നിങ്ങളെ സൽക്കരിച്ചുവോ എന്ന് അതിഥികളോടു അന്വേഷിക്കുകയും ചെയ്യുമായിരുന്നു. സ്വഹാബാക്കളും നബി(സ)തിരുമേനിയുടെ സഹവാസവും ശിക്ഷണവും ലഭിച്ചവരായിരുന്നു. നബി(സ)തിരുമേനിയിൽ നിന്ന് അനുഗ്രഹം കര സ്ഥമാക്കിയവരായിരുന്നു. അവർ അതിഥികളെ എങ്ങനെ സൽക്കരിച്ചിരുന്നുവെന്നാൽ, അതിഥികൾ പറയുമായിരുന്നു, ഞങ്ങളുടെ ആതിഥേയർ ഞങ്ങളെ അവരെക്കാളും മികച്ച നിലയിൽ ശ്രദ്ധിക്കുകയും അവർ കഴിക്കുന്നതിനേക്കാൾ ഉത്തമമായ ആഹാരം നൽകുകയും ചെയ്തു. ഇതായിരുന്നു നബി(സ)തിരുമേനിയുടെ സ്വഹാബാക്കളുടെ ആതിഥ്യമര്യാദയുടെ നിലവാരം.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 5, പേജ് 357, ഹദീഥ് 15644, പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1998)

നബി(സ)തിരുമേനിയുടെ സ്വഹാബത്തിന്റെ അതിഥിസൽക്കാരത്തിന്റെ രീതി ഇതായിരുന്നു. അവരും ദീൻ മനസ്സിലാക്കുന്നതിനും ദീനിന്റെ അറിവ് കരസ്ഥമാക്കുന്നതിനും വരാറുണ്ടായിരുന്നു. ഇവിടെ വരുന്നതവരും അതേ ഉദ്ദേശ്യത്തോടുകൂടിത്തന്നെയാണ് വരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിളികേട്ട് ദീനീ ജൽ സയിൽ പങ്കെടുക്കുന്നതിനുവേണ്ടിമാത്രം വരുന്ന അതിഥികളെ സൽക്കരിക്കുന്നതിനാണ് നമ്മൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

അല്ലാഹുവിന്റെ കൃപകൊണ്ട് അല്ലാഹു ജമാഅത്തിന്റെ പ്രവർത്തനമാർഗങ്ങളിലും മുമ്പത്തേതിനെക്കാളധികം അഭിവൃദ്ധി നൽകിയിരിക്കുന്നു. ജമാഅത്തു സംവിധാനത്തിനു കീഴിലും അതിഥിസൽക്കാരം നടന്നുവരുന്നു. എന്നല്ല ചില വീടുകളിൽ താമസിക്കുന്ന വീട്ടുകാർക്കും അതിഥികളെ സൽക്കരിക്കാൻ അനുവാദമുണ്ട്. അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലങ്കറിൽനിന്ന് ഭക്ഷണം കൊണ്ടുപോകാൻ ഏർപാടുണ്ട്. കൊണ്ടുപോകണമെങ്കിൽ കൊണ്ടുപോകാം. എന്നാൽ, സ്വഹാബാക്കളുടെ അവസ്ഥ ഇതായിരുന്നില്ല. അവർക്ക് ഒരു കേന്ദ്ര സംവിധാനവുമുണ്ടായിരുന്നില്ല. തുടക്കത്തിൽ മിക്കവരുടേയും അവസ്ഥകളും നല്ലതായിരുന്നില്ല. എന്നല്ല കുട്ടികളെയും കിടത്തിയുറക്കി ഭാര്യയും ഭർത്താവും സ്വയം പട്ടിണികിടന്നുകൊണ്ട് ഉള്ളത് തങ്ങളുടെ അതിഥികൾക്ക് നൽകുകയുണ്ടായ സംഭവങ്ങളും കാണാം. പിന്നീട് അവരുടെ ആ പ്രവൃത്തിയിൽ അല്ലാഹു സന്തോഷിക്കുകയും നബി(സ) തിരുമേനിക്ക് ഇതിനെക്കുറിച്ച് അറിവു നൽകുകയും ചെയ്തു. (സ്വഹീഹ് ബുഖാരി, കിതാബുൽ മനാഖിബുൽ അൻസ്വാർ, ഹദീഥ് 3798)

അതുകൊണ്ട് ത്യാഗം ചെയ്ത് അതിഥിസൽക്കാരം നടത്തിയവരുടെ ജീവിതമാതൃക സ്വായത്തമാക്കാനാണ് നമ്മൾ കല്പിക്കപ്പെട്ടിരിക്കുന്നത്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലും ധാരാളമാളുകൾ ത്യാഗം ചെയ്തും അതിഥിസൽക്കാരം നിർവഹിക്കുന്നവരാണ്. നാം ചെയ്യേണ്ടതും അതുതന്നെയാണ്. ജമാഅത്തിൽ സൗകര്യങ്ങളുണ്ടായിട്ടും ചിലയാളുകൾ സ്വയം അതിഥിസൽക്കാരത്തിന് ആഗ്രഹിക്കുന്നു. ഡ്യൂട്ടി നിർവഹിക്കുന്ന സംഘാടകർ ചെയ്യേണ്ടത് അവരിൽ എല്ലാവരുംതന്നെ നൂറു ശതമാനം ത്യാഗവികാരത്തോടെ സൽപെരുമാറ്റം കാഴ്ചവച്ച് അതിഥികളെ സൽക്കരിക്കുക. ഞാൻ പറഞ്ഞതുപോലെ ഇപ്പോൾ വിശപ്പിന്റെ ത്യാഗം നമ്മളിൽനിന്ന് ആവശ്യപ്പെടുന്നില്ല. ഇപ്പോഴത്തെ ത്യാഗം എന്നത്-ഉദ്യോഗസ്ഥർ ത്യാഗം ചെയ്യുന്നത് സമയത്തിന്റെ ത്യാഗമാണ്. പക്ഷേ, അതിനോടൊപ്പം വികാരങ്ങളുടെ ത്യാഗവും ആവശ്യപ്പെടാറുണ്ട്. ക്ഷമിക്കേണ്ടിവരുന്നു. മൗനം പാലിക്കേണ്ടിവരുന്നു. ഈ അതിഥികൾ സദുദ്ദേശ്യത്തോടുകൂടി മതപരവും ആത്മീയവുമായ ദാഹം ശമിപ്പിക്കുന്നതിനുവേണ്ടി വന്നവരാണെന്ന നല്ല ധാരണകൊണ്ട് മൗനം പാലിക്കേണ്ടതായി വരുന്നു. ഒരുപക്ഷേ, ചില തെറ്റുധാരണകൊണ്ട് അവർ അവിവേകം കാണിച്ചാൽ നമ്മൾ ഖേദം പ്രകടിപ്പിച്ച് നമ്മൾ തെറ്റുചെയ്തിട്ടില്ലെങ്കിൽത്തന്നെയും അവരുടെ ജോലി ചെയ്തു കൊടുക്കുക. അങ്ങനെയായാൽ അത് ഉൽകൃഷ്ടമായ സ്വഭാവമായിരിക്കും. അത് ഇക്കാലത്ത് നമ്മൾ അതിഥികൾക്കുവേണ്ടി കാണിക്കേണ്ടതാണ്. അത് ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് ആഗ്രഹിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അത്തരം നിരവധി സംഭവങ്ങളുണ്ട്. അവകൊണ്ട് അദ്ദേഹം അതിഥികളെ ആശ്വസിപ്പിക്കുകയും അതിഥിസൽക്കാരത്തിന്റെ ഉദാത്തമായ നില സ്ഥാപിക്കുകയും ചെയ്തതായി കാണാൻ കഴിയുന്നു.

ഒരിക്കൽ വിദൂരപ്രദേശത്തുനിന്ന് വന്ന അതിഥികളോട് ലങ്കർഖാനയിലുള്ള ഉദ്യോഗസ്ഥർ തടസ്സം പറഞ്ഞതിനാൽ അവർ നീരസം പ്രകടപ്പിച്ച് തിരിച്ച് പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ വിവരം ലഭിച്ചു. അതിനെ കുറിച്ച് പറയുന്നത് ഇ പ്രകാരമാണ്, ചെരുപ്പു പോലും ശരിയാം വണ്ണം ധരിക്കാൻ നില്ക്കാതെ വളരെ വേഗത്തിൽ അതിഥികളുടെ പിന്നാലെ ഓടി. അവർ കുതിരവണ്ടിയിലായിരുന്നു യാത്ര ചെയ്തിരുന്നത്. മസീഹ് മൗഊദ്(അ) വരുന്നത് കണ്ടപ്പോൾ അവർ കുതിരവണ്ടി അവിടെ നിറുത്തി. വണ്ടിയിൽ നിന്നിറങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരോട് ക്ഷമാപണം നടത്തിക്കൊണ്ട് തിരികെ വരാൻ പറഞ്ഞു. അങ്ങനെ കുതിരവണ്ടി തിരിച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ വണ്ടിയിൽ ഇരുന്നാലും ഞാൻ നിങ്ങളോടൊപ്പം നടന്ന് വരുന്നതാണ്. അതിഥികൾ ലജ്ജിതരായിത്തീർന്നു. അവർ കുതിരവണ്ടിയിൽ കയറാതെ അദ്ദേഹത്തിനോപ്പം നടന്നു. അവസാനം അവർ ലങ്കർഖാനയിൽ എത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം മുന്നോട്ട് വന്ന് അതിഥികളുടെ സാധനങ്ങൾ താഴെ ഇറക്കാൻ തുടങ്ങി. മുമ്പേതന്നെ ലജ്ജിതരായിത്തീർന്ന അവിടെയുള്ള പ്രവർത്തകർ ഉടൻ മുന്നോട്ട് വന്ന് അതിഥികളുടെ സാധനങ്ങൾ ഇറക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവർക്കുള്ള താമസസൗകര്യവും ഭക്ഷണ സംവിധാനവും തയ്യാറാകുന്നതുവരെ അവിടെ തന്നെ നിന്നു.(സീറത്തുൽമഹ്ദി, വാല്യം 2, ഭാഗം 4, പേജ് 56-57 നിവേദനം 1069)

അദ്ദേഹം തന്റെ ഉദ്യോഗസ്ഥരോട് ഒരു അവസരത്തിൽ പറഞ്ഞു: 'നോക്കൂ! ഒരുപാട് അതിഥികൾ വന്നുകൊണ്ടിരിക്കും. ചിലരെ നിങ്ങൾക്ക് പരിചയമുണ്ടാകും. ചിലരെ പരിചയമുണ്ടാകുകയില്ല. അതുകൊണ്ട് എല്ലാവരെയും ആദരണീയർ എന്ന് മനസിലാക്കി ഭക്ഷണം നല്കുകയും സേവിക്കുകയും ചെയ്യുക.' പറഞ്ഞു: 'അതിഥികൾക്ക് സംതൃപ്തി നല്കുന്നുവെന്നതാണ് എനിക്ക് നിങ്ങളെ കുറിച്ചുള്ള വിശ്വാസം.' അതുകൊണ്ട് ഈ വിശ്വാസത്തെ നമ്മൾ ഇന്നും നിലനിറുത്തേണ്ടതായിട്ടുണ്ട്.

ഇതിന് ശേഷം അതിഥികളോടും ഞാൻ ചിലത് പറയാൻ ഉദ്ദേശിക്കുന്നു. ഒന്നാമതായി പരസ്പരമുള്ള വികാരത്തെ ഇരുവിഭാഗവും അതായത് അതിഥിയും ആതിഥേയനും മാനിക്കേണ്ടതാണ്. ഇസ്‌ലാം അതിഥിക്കായി ആദരവും അന്തസ്സും നല്കുന്നതോടൊപ്പം തന്നെ അതിഥികൾക്കും കല്പന നല്കുന്നു, അവർ ആതിഥേയന് ഭാരമാകരുതെന്ന്. നബി(സ) തിരുമേനി പറയുന്നു: ഒരുപാട് നേരം ആരുടെയെങ്കിലും അടുത്ത് താമസിക്കുകയെന്നത് വീട്ടുകാർക്ക് ഭാരമായി തീരുന്നു. അത് നിങ്ങൾ സ്വദഖ വാങ്ങുന്നത് പോലെയാണ്.(സ്വഹീഹുൽ ബുഖാരി, കിതാബുൽഅദബ്, ഹദീഥ് 6135)

ആദ്യം മുതൽ അവസാനം വരെ ഒരുപോലെ അതിഥി സൽക്കാരം നടത്താൻ എല്ലാവർക്കും സാധിക്കില്ല. അതിനാൽ അതിഥികൾക്കുള്ള കല്പന, നിങ്ങളും വീട്ടുകാരെ കുറിച്ച് ചിന്തിക്കുക എന്നാണ്. കൂടുതൽ താമസിക്കുകയാണെങ്കിൽ വീട്ടുകാരൻ താമസിക്കുന്നതുപോലെ താമസിക്കുക. വീട്ടുകാരന്റെ ജോലിയിലും മറ്റും എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അതും ചെയ്യേണ്ടതാണ്; ഈ രാജ്യങ്ങളിൽ പ്രത്യേകിച്ചും. പൊതുവെ ആളുകൾ ചെയ്യാറുണ്ട്. ഒരു മനോഹരമായ സമൂഹത്തിന് ഇത് നിർബന്ധമാണ്. രണ്ടാമത്തെ വ്യക്തി നമുക്ക് ഭാരമാണെന്ന് എവിടെ തോന്നുന്നുവോ അവിടെ ആത്മാർഥതയിലും സ്നേഹത്തിലും കുറവുണ്ടാകുന്നു. അതിൽ കുറവുണ്ടാകുമ്പോൾ പിന്നെ അവസ്ഥകൾ സമാധാനപരമായിരിക്കുകയില്ല. തങ്ങളുടെമേൽ നിർബന്ധമായിട്ടുള്ള കാര്യങ്ങൾ ചെയ്യുക എന്നത് നിർബന്ധമാണെന്ന് അതിഥികളും ഓർക്കേണ്ടതാണ്. സൽക്കാരം അതിഥിയുടെ അവകാശമാണെങ്കിൽ അതിഥി ആതിഥേയന്റെ അവകാശങ്ങളും പാലിക്കുക എന്നത് നി ർബന്ധമാണ്. അയാളുടെമേൽ ഭാരമാകരുത്. അതിഥിയുടെ ആ അവകാശത്തെ നബി(സ)തിരുമേനി കുറച്ചു ദിവസമായി പരിമിതപ്പെടുത്തി നിശ്ചയിച്ചിരിക്കുന്നു. ഇവിടെ ഞാൻ സംഘാടകരോടും പറയട്ടെ നമ്മുടെ ജൽസയിൽ വന്നിരിക്കുന്ന അതിഥികൾ, ഒരുപക്ഷേ ഒരു മാസക്കാലം താമസിക്കുന്നതായാലും അവരെ സൽകരിക്കേണ്ടതാണ്. മൂന്ന് നാല് ദിവസങ്ങൾക്കുശേഷം അതിഥി സൽക്കാരം അവസാനിച്ചുവെന്ന് വിചാരിക്കരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ദൗത്യങ്ങളെ പ്രതിപാദിക്കുന്നിടത്ത് ലങ്കർഖാനയുടെ (അതിഥിമന്ദിരത്തിന്റെ) നടത്തിപ്പിനെയും ഒരു ശാഖയായി വിവരിച്ചിരിക്കുന്നു. (ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 221)

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥിമന്ദിരത്തിൽ വരുന്നവരോട് ഉന്നതമായ ധാർമികമൂല്യങ്ങൾ പ്രകടിപ്പിക്കേണ്ടതാണ്.

പിന്നീടുള്ളത് മനോഹരമായ ഒരു സമൂഹത്തെ കുറിച്ചുള്ള കല്പനയാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിഥികൾ പ്രത്യേകമായും ഈ ജൽസയുടെ അന്തരീക്ഷത്തിൽ സലാം പറയുന്നത്

വ്യാപകമാക്കേണ്ടതാണ്. നബി(സ)തിരുമേനി സ്വർഗത്തിൽ പ്രവേശിക്കുന്നവരുടെ ഒരു പ്രത്യേകതയായി വിവരിച്ചത്, അവർ സലാം പ്രചരിപ്പിക്കുന്നുവെന്നാണ്.(സ്വഹീഹ് മുസ്‌ലിം കിതാബുൽ ഈമാൻ ഹദീഥ് 54)

അവിടന്ന് പറയുകയുണ്ടായി, നിങ്ങൾ അറിയുന്നവർക്കും അറിയാത്തവർക്കും സലാം പറയുക.(സ്വഹീഹുൽ ബുഖാരി കിതാബുൽഈമാൻ ഹദീഥ് 28)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചിരിക്കുന്നതിൽ ഒന്ന് ആളുകളുടെ ഒത്ത് ചേരലാണ്. അത് പരസ്പരമുള്ള സ്നേഹബന്ധവും പരിചയവും വർധിക്കും വിധമുള്ള ഒത്തുചേരലായിരിക്കണം.(ആസ്മാനീ ഫയ്സ്വല, റൂഹാനീഖസാഇൻ, വാള്യം 4, പേജ് 352)

സലാം ആ സ്നേഹത്തിന്റേയും പരിചയത്തിന്റേയും മാർഗത്തെ വർധിപ്പിക്കുന്നതിനുള്ള ഉന്നതമായ മാർഗമാണ്. സാഹോദര്യബന്ധവും പരിചയവും വർധിപ്പിക്കുന്നതിനുള്ള ഉന്നതമായ മാർഗമാണ്. അതിന്റെ മറ്റൊരു ഗുണം എന്തെങ്കിലും കാരണത്താലുണ്ടാകുന്ന പരസ്പര വൈരാഗ്യവും അകലുന്നുവെന്നതാണ്.

പിന്നീട് ഇവിടെ വന്നിട്ടുള്ളവർ അല്ലാഹുവിനുവേണ്ടിമാത്രമാണ് വന്നിട്ടുള്ളത്. ഇതേ ചിന്തയോടുകൂടി വരേണ്ടതുമാണ്. അവരുടെ വരവിന് ഒരു ദൈവിക ഉദ്ദേശ്യമുണ്ട്. മതപരവും വൈജ്ഞാനികവും ആത്മീയവുമായ ദാഹശമനത്തിനാണ് വന്നിട്ടുള്ളത്. അല്ലെങ്കിൽ അത് കരസ്ഥമാക്കാനാണ് വന്നിട്ടുള്ളത്. ഈ ഉദ്ദേശ്യം ഞാൻ പറഞ്ഞതുപോലെ ഇതുതന്നെയായിരിക്കേണ്ടതാണ്. പരസ്പരമുള്ള ബന്ധങ്ങളും എല്ലാ ഓരോരുത്തരും മെച്ചപ്പെടുത്തേണ്ടതാണ്. വൈരാഗ്യങ്ങളും വെറുപ്പുകളും അകറ്റുന്നതിനുവേണ്ടി പൂർണമായും ശ്രമിക്കേണ്ടതാണ്. ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ജൽസയിൽ വന്ന് കൊണ്ട് ഈ ലക്ഷ്യം നേടിയെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. ഭൗതീകതയോടുള്ള സ്നേഹം തണുക്കുകയും അല്ലാഹുവിന്റെയും അവന്റെ ആദരണീയ നബി(സ)തിരുമേനിയോടുമുള്ള സ്നേഹം ഹൃദയത്തെ അതിജയിക്കേണ്ടതുമാണ്.'(ആസ്മാനീ ഫയ്സ്വല, റൂഹാനീ ഖസാഇൻ വാള്യം 4, പേജ് 351)

ഈ സ്നേഹം നേടിയേടുക്കുന്നതിന് ജൽസയുടെ പരിപാടികളിൽ പ്രത്യേകമായ നിലയിൽ പങ്കെടുക്കുക. അത് വളരെ ശ്രദ്ധയോടെ കേൾക്കുകയും ചിന്തിക്കുകയും ചെയ്യുക. ജൽസയിലും അതുപോലെ പുറത്ത് സഞ്ചരിക്കുമ്പോഴും ദിക്റെ ഇലാഹിയിൽ മുഴുകുക. ജമാഅത്തായ നമസ്കാരങ്ങൾ പ്രത്യേക ശ്രദ്ധയോടെയും ചിന്തയോടെയും നിർവഹിക്കുക. നഫലുകളും തഹജ്ജുദും നിർവഹിക്കുന്നതിലേക്കും ശ്രദ്ധ നല്കുക. പ്രത്യേകമായ നിലയിൽ ഇവിടെ താമസിക്കുന്നവർ ഈ ചുറ്റുപാടിനെ പരിശുദ്ധമാക്കി വെക്കുന്നതിന് ശ്രമിച്ച് കൊണ്ടിരിക്കുകയും സ്വന്തം അവസ്ഥകളെ മെച്ചപ്പെടുത്തതിന് പ്രയത്നിക്കുകയും ചെയ്യേണ്ടതാണ്.

സ്വന്തം അവസ്ഥകളിൽ ഉയർച്ച ഉണ്ടാക്കാൻ ശ്രമിക്കുക. രാവിലെ മുതൽ വൈകുന്നേരംവരെ വരുന്നവരുടേയും നിർബന്ധ കടമയാണ് ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരാകുക എന്നത്. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിന് ശ്രമിക്കുക എന്നതാണത്. അവന്റെ റസൂലിനോടുള്ള സ്നേഹം മനസ്സുകളിൽ വർധിപ്പിക്കുക. ഇത് വളരെ വലിയ ജോലിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് നമ്മെ ഏല്പിച്ചിരിക്കുന്നു. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം നമ്മുടെ മനസ്സുകളിൽ അതിജയിക്കുക. ജൽസയിൽ പങ്കെടുക്കുന്നവർ ഈ ഉദ്ദേശ്യത്തെ മുന്നിൽവച്ചുകൊണ്ട് അതു കരസ്ഥമാക്കാൻ പൂർണമായും ശ്രമിച്ചാൽ നിങ്ങൾ നിങ്ങളുടെ ഉദ്ദേശ്യം പ്രാപിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊള്ളുക. ജൽസയിൽ വന്ന ഉദ്ദേശ്യം പൂർത്തിയായി. പിന്നീട് താമസവും ഭക്ഷണവും അനുബന്ധമായിട്ടുള്ള കാര്യമായിത്തീരും. യഥാർഥ ഉദ്ദേശ്യം നമ്മൾ നമ്മുടെ ആത്മീയാവസ്ഥ ശ്രേഷ്ഠമാക്കുകയുംഅതിനെഅഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക എന്നതാണ്. ഇത് കരസ്ഥമായാൽ ഞാൻ പറഞ്ഞതുപോലെ ജൽസയിൽ പങ്കെടുത്ത ഉദ്ദേശ്യവും പൂർത്തിയായി.

അതുപോലെ സംവിധാനത്തെ സംബന്ധിച്ച് അതിഥികൾ ഇക്കാര്യംകൂടി മനസിലാക്കേണ്ട താണ്. താൽകാലികവും വിശാലവുമായ സംവിധാനത്തിൽ പല കുറവുകളും വന്നുഭവിക്കുന്നതാണ്. ഇനി എവിടെയെങ്കിലും വല്ല കുറ വും കാണുന്നുണ്ടെങ്കിൽ അവിടെ വിട്ടുവീഴ്ച്ച ചെയ്യുക. അതുമാത്രമല്ല, ഇത്തരം കുറവുകൾ കാണുമ്പോൾ സംഘാടകരെ സഹായിക്കുകയും ചെയ്യുക. ചില അതിഥികൾ വലിയ ആവേശത്തോടുകൂടി ആതിഥേയരുടെ ജോലികൾ ചെയ്യാൻ തുടങ്ങുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഉദാഹരണത്തിന് ശുചിമുറി വൃത്തിയാക്കുന്നു. കൂടുതൽ തിരക്കുള്ളപ്പോൾ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥൻ ജോലി ചെയ്യാൻ ബുദ്ധിമുട്ടുമ്പോൾ ചില അതിഥികൾ അവരോടൊപ്പം ചേർന്ന് ജോലികൾ ചെയ്യുന്നു. ഈ വികാരമാണ് ഒരു അഹ്മദിക്ക് ഉണ്ടായിരിക്കേണ്ടത്. ഈ യഥാർഥ ആത്മാവാണ് പരസ്പരം ആത്മാർഥയോടെ നിലകൊള്ളുന്ന സമൂഹത്തെ സൃഷ്ടിക്കുന്നത്. അതിഥികൾ സംഘാടകരെ പരീക്ഷിക്കുന്നതിനു വേണ്ടിമാത്രം സ്വന്തം സമയം പാഴാക്കാതിരിക്കുക. മറിച്ച് ആവശ്യം നേരിടുന്ന പക്ഷം എല്ലാ വിഭാഗത്തിനും നിങ്ങൾ സഹായായി മാറുക.

ഇതുപോലെ പാർക്കിംഗിലും മറ്റും ചില സന്ദർഭങ്ങളിൽ തിരക്കുകൾ കാരണം ബഹളം ഉണ്ടാകാറുണ്ട്. അത്തരം അവസരങ്ങളിൽ കാറുകളിൽ വരുന്ന അതിഥികൾ ക്ഷമയോടും സഹനത്തോടും കൂടി സംഘാടകരുമായി പൂർണമായും സഹകരിക്കുക. അതുപോലെ പ്രവേശനകവാടത്തിലെ സ്കാനിംഗിനും മറ്റുമുള്ള കാര്യത്തിലും അവിടെ എത്തുന്ന ഒരോരുത്തരും ക്ഷമ പ്രകടിപ്പിക്കേണ്ടതാണ്.

ചിലപ്പോൾ പുരുഷന്മാരുടെ ഭാഗത്തുനിന്നും സ്ത്രീകളുടെ ഭാഗത്തുനിന്നും ഒരു പോലെ പരാതികൾ ഉണ്ടാകാറുണ്ട്. വരുന്ന പുരുഷന്മാരും സ്ത്രീകളും സംഘാടകരുമായി പൂർണമായും സഹകരിക്കുന്നില്ല. ഇതുപോലെതന്നെ സ്കാനിംഗ് തുടങ്ങിയ കാര്യങ്ങളുള്ള പ്രവേശനക വഴികളിൽ പൊതുവെ ലൈനുകൾ ഉണ്ടാകും. അവിടെ ആളുകൾ വളരെ ക്ഷമയും സഹനവും കാണിക്കാറുണ്ട്. പക്ഷേ, ഒന്നുരണ്ടു ആളുകൾ കാരണത്താൽ ചില ഘട്ടങ്ങളിൽ തിക്കും തിരക്കും ബഹളവും ഉണ്ടായി അന്തരീക്ഷം വഷളായിത്തീരുന്നു. അവിടെ എല്ലാവരും പൂർണമായും ക്ഷമ കൈക്കൊള്ളേണ്ടതാണ്. അല്പസമയം കൂടുതലായാൽത്തന്നെയും കുഴപ്പമൊന്നുമില്ല. ഈ ലൈനുള്ളതുകൊണ്ട് നല്ല നിർഗമനമാർഗം ഉണ്ടാകാവുന്നതാണ്.

സമ്മേളനനഗരിയിൽ ഇരിക്കുന്നവരോടു ഞാൻ എപ്പോഴും പറയാറുള്ളതാണ് അവരുടെ ചുറ്റുപാടും നിരീക്ഷിച്ചുകൊണ്ടിരിക്കണമെന്ന്. അതുപോലെ തന്നെ പുറത്ത് നടക്കുമ്പോഴും അവരുടെ പരിസരങ്ങളിൽ ദൃഷ്ടി വെക്കേണ്ടതാണ്. സെക്യൂരിറ്റിയുടെ അടിസ്ഥാനത്തിൽ സംഘാടകർ നല്കുന്ന നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാൻ പരിശ്രമിക്കുക. എല്ലാത്തിനും ഉപരിയായി ജൽസയുടെ വിജയത്തിനും നാം ജൽസയിൽ വന്നതിന്റെ ലക്ഷ്യപൂർത്തീകരണത്തിനും എല്ലാവിധ അപായങ്ങളിൽ നിന്നും സുരക്ഷിതമായിരിക്കുന്നതിനും സ്ഥിരമായി ദുആകളിൽ മുഴുകുക. ജമാഅത്തിന്റെ പുരോഗതി അസൂയാലുക്കളുടെ അസൂയ വർധിപ്പിച്ചുകൊണ്ടുപോകുന്നു. അതുകൊണ്ട് ദുആയിലേക്ക് കൂടുതൽ ശ്രദ്ധിക്കുക. ഈ ദിനങ്ങളിൽ പാകിസ്താനിലെ അഹ്മദികളുടെ അവസ്ഥയെ മുൻ നിറുത്തിയും ദുആ ചെയ്യുക. അവിടെ ഈ ദിനങ്ങളിൽ അവസ്ഥകൾ വീണ്ടും എതിർപിലേക്ക് പോകുന്നതായി തോന്നുന്നു. അല്ലാഹു അവർക്കും സമാധാനപരമായ ജീവിതം പ്രദാനം ചെയ്യുമാറാകട്ടെ. അല്ലാഹു അവരെയും എല്ലാവിധ പ്രയാസങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. എതിരാളികളുടെ പുതിയതും പഴയതുമായ പദ്ധതികളെ പരാജയപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യുമാറാകട്ടെ.

ഇതുകൂടാതെ ജൽസയിൽ പങ്കെടുക്കുന്നവരേയും ഓർമിപ്പിക്കുകയാണ്. ഈ വർഷവും നമ്മുടെ കേന്ദ്ര വകുപ്പുകൾ, പുരാവസ്തുവകുപ്പുണ്ട്, റിവ്യൂ ഓഫ് റിലീജ്യൺസുണ്ട്, മഖ്സനെ തസ്വാവീറുണ്ട്, അല്ലെങ്കിൽ മറ്റു വകുപ്പുകളുണ്ട് അവർ തങ്ങളുടെ പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ധാരാളം അറിവുകളുടേയും വിജ്ഞാനങ്ങളുടേയും എക്സിബിഷനുകളാണിത്. ഒഴിവുള്ള സമയങ്ങളിൽ അവയേയും പ്രയോജനപ്പെടുത്താൻ ശ്രമിക്കുക.

ഇതു കൂടാതെ എം.ടി.എ യുടെ ഭാഗത്തുനിന്ന് ഒരു വിളംബരവും കൂടിയുണ്ട്. എം.ടി.എ ഇന്റർനാഷണൽ ഇന്ന് ഒരു പുതിയ ആപ്പ് Launch ചെയ്യുകയാണ്. ഇത് സ്മാർട്ട് ടി.വി. ആപാണ്. ഇനി ഏതൊരു രാജ്യത്തും ഈ അപ്പ് ഡൗൺലോഡ് ചെയ്ത്, LG, Philips, Amazon TV, Sony, Android TV set എന്നിവയിൽ Dish Antina ഇല്ലാതെ തന്നെ എം.ടി.എ യുടെ എല്ലാ ചാനലുകളും (MTA1) (MTA2)(MTA3) MTAഅൽ അറബിയ, MTA ആഫ്രിക്ക തുടങ്ങിയവ കാണാവുന്നതാണ്. ഇതിനുപുറമെ ദൈവകൃപയാൽ അമേരിക്കയിൽ MTAആദ്യമെതന്നെ Samsung പ്ലാറ്റ്ഫോറത്തിലുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രാജ്യത്തിന് പുറത്ത് താമസിക്കുന്നവർക്ക് ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. ഇപ്പോൾ ജുമുഅക്ക് ശേഷം ഞാൻ അത് Launch ചെയ്യുന്നതായിരിക്കും.

അല്ലാഹു ഈ ജൽസ എല്ലാതരത്തിലും അനുഗ്രഹപൂർണമാക്കി തീർക്കട്ടെ. നിങ്ങൾക്ക് എല്ലാവർക്കും ഇതിൽനിന്ന് പൂർണമായും പ്രയോജനമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

### ഹദീഥുന്നബ്‌വി (സ):

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)*

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

# പ്രളയഭൂമിയിലൂടെ ഒരു സാന്ത്വന യാത്ര

**ജലാലുദ്ദീൻ കൽപേനി**

പ്രളയ ഭൂത ഭീകരതയുടെ സംഹാരതാണ്ഡവം ആഴത്തിൽ മുറിവേൽപിച്ച വയനാടൻ കോളനിവാസികൾക്ക് സാന്ത്വനസ്പർശം നൽകാൻ കൂടാളി ജമാഅത്തിൽനിന്നുള്ള ഞങ്ങൾ യാത്ര തിരിച്ചു. എന്നോടൊപ്പം ജായിദാദ് സെക്രട്ടറി യു. നാസ്വർ സാഹിബ്, വി.പി. സഫ്ർ അഹ്മദ് സാഹിബ്, നദീർ അഹ്മദ് സാഹിബ് എന്നിവരുമുണ്ടായിരുന്നു. കൂടാളി ജമാഅത്തിലെ ഉദാരമതികളുടെ സഹായവും പിന്തുണയും ഞങ്ങൾക്ക് ഈ യാത്രയ്ക്ക് തുണയായി.

കമ്പളക്കാട് ജമാഅത്തിനടുത്തുള്ള പ്രദേശങ്ങളായതിനാൽ അവിടുത്തെ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രതിനിധി അബൂബക്കർ സിദ്ദീഖ് സാഹിബ് ഞങ്ങളെ അനുഗമിച്ചത് എല്ലാം എളുപ്പമാകാൻ സഹായിച്ചു. ആദിവാസി കോളനികളായ കരിഞ്ഞകുന്ന്, കണിയാരം, പനമരം ഏഴാം വാർഡ് എന്നീ പ്രദേശങ്ങളിൽ വർത്തമാന സാഹചര്യം സൃഷ്ടിച്ച കണ്ണീരിൽ കുതിർന്ന ദുഃഖത്തിൽ ആമഗ്നരായി നിസ്സഹായരും നിരാലംബരുമായ ഒരുപറ്റം സഹജീവികളോടൊപ്പം പങ്കുവെച്ച നിമിഷങ്ങൾ ആശ്വാസം പകരുന്നതായിരുന്നു. കരിഞ്ഞകുന്ന് കോളനിയിലാണ് ഞങ്ങൾ ആദ്യം ചെന്നെത്തിയത്. അവിടെ ഇരുപത്തഞ്ചോളം വീടുകളുണ്ട്. അവരുടെയെല്ലാം നീറുന്ന കദനകഥകൾ ഞങ്ങളുടെ മുമ്പിൽ പെരുമഴയായി വർഷിക്കപ്പെട്ടു. സർക്കാർ നിർമിച്ചുകൊടുത്ത വീടുകളായാലും അല്ലാത്ത ചെറ്റക്കുടിലുകളായാലും എല്ലാം തകർന്നതോ ചോർന്നൊലിക്കുന്നതോ ആയിരുന്നു. കിടക്കാൻ പായകളില്ല, പുതക്കാൻ പുതപ്പുകളില്ല, മേൽപ്പുര ചോർച്ചയടക്കാൻ താർപായകളില്ല. അവരുടെ ആവശ്യങ്ങൾ നാളെത്തന്നെ നിറവേറ്റുമെന്ന് പറഞ്ഞപ്പോൾ ആ മിഴികളിലും മുഖങ്ങളിലും ഊറിവന്ന സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും വെളിച്ചം ഞങ്ങളുടെ ഉള്ളിലും വെളിച്ചം വിതറി. പിന്നീട് ഞങ്ങൾ പോയത് കണിയാരം കോളനിയിലേക്കാണ്. അവർക്കാണെങ്കിൽ പ്രധാനമായും വേണ്ടത് ഭക്ഷണമായിരുന്നു. ചായത്തോട്ടങ്ങളിലും കൃഷിപ്പാടങ്ങളിലും ആൺപെൺ ഭേദമന്യേ അധ്വാനിച്ച് അന്നന്നത്തെ അന്നം കണ്ടെത്തുന്ന അവർക്ക് പ്രളയം സമ്മാനിച്ചത് പണിയില്ലായ്മയായിരുന്നു. വാഴകളും മറ്റു കൃഷികളുമെല്ലാം ജരാനരകൾ ബാധിച്ച യക്ഷികളെപോലെ ഉണങ്ങിവരണ്ട് കിടക്കുന്നു. പ്രളയം വന്നശേഷം പാടങ്ങളില്ല, പണികളില്ല, പണമില്ല. ഉള്ളത് പട്ടിണി മാത്രം.

ഒരു ഉമ്മ ദീനത നിറഞ്ഞ നിറകണ്ണുകളുമായി ആ കൊച്ചു കൂരയുടെ വാതിൽക്കൽനിന്ന് ഞങ്ങളെത്തന്നെ പ്രതീക്ഷാപൂർവ്വം നോക്കുന്നത് കണ്ടപ്പോൾ ഞങ്ങൾ അങ്ങോട്ട് ചെന്നു. വിധവയാണ്. കൂടെ പ്രായമായ രോഗിണിയായ ഉമ്മയും. എവിടെയെങ്കിലും പോയി ജോലി ചെയ്ത് വേണം ആ രണ്ടംഗ കുടുംബത്തിന്റെ പട്ടിണി മാറാൻ. ഉമ്മ എണീക്കാൻ വയ്യാത്തവിധം കിടപ്പിലായപ്പോൾ ഉമ്മയെ തനിച്ചാക്കി പണിക്ക് പോകാനും പറ്റാതായി. പ്രളയം വന്നതോടെ ആർക്കും തൊഴിലില്ല. എങ്ങും പട്ടിണി മാത്രം. അകത്ത് പായയിൽ തളർന്ന് കിടക്കുന്ന ആ വൃദ്ധയെ കണ്ടു. അനങ്ങാൻ കഴിയാത്ത അവസ്ഥ. ഈ പ്രദേശങ്ങളിലെല്ലാം വീട് എന്ന് പറയുന്നത് നാം ഭാവനയിൽ കാണുന്ന വീടുകളല്ല. ഒരു ബെഡ്റൂമിന്റെ വലിപ്പം പോലുമില്ലാത്ത വീടുകളാണവയെല്ലാം. അതിലേറെയും സർക്കാർ പണിത് നൽകിയവ. അതുകൊണ്ട് തന്നെയായിരിക്കാം മറ്റ് ആദിവാസി കൂരകളെപ്പോലെതന്നെ ഇവയും ചോർന്നൊലിക്കുന്നത്. പനമരം ഏഴാം വാർഡിൽ ചെന്നപ്പോഴും ഇതായിരുന്നു അവസ്ഥ. ഞങ്ങളുടെ കാറിന് മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥലങ്ങളിൽ കാറ് വഴിയരികിൽ നിറുത്തി വെള്ളവും ചെളിയും കല്ലും നിറഞ്ഞ വഴികളിലൂടെ ഞങ്ങൾ കുറേ ദൂരം നടന്നു. ചിലയിടങ്ങളിൽ കയറ്റവും ഇറക്കവുമുണ്ടായിരുന്നു. ദ്വീപ് പോലെ ചെളിവെള്ളംകൊണ്ട് ഒറ്റപ്പെട്ട ചില കുടിലുകളിലെത്തിച്ചേരാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. എങ്കിലും ഞങ്ങളെ കണ്ടപ്പോൾ അവർ പ്രതീക്ഷാപൂർവ്വം സങ്കടങ്ങൾ ഞങ്ങൾക്ക് മുമ്പിൽ സമർപ്പിച്ചു. രണ്ടാഴ്ച മുമ്പേവരെ തല ചായ്ക്കാൻ ഞങ്ങൾക്കിവിടെ ഏതോ സന്നദ്ധ സംഘടന നിർമിച്ചുതന്ന കൊച്ചുകൂരയുണ്ടായിരുന്നു എന്ന് വിലപിക്കുന്ന കുറെ പെണ്ണുങ്ങൾ വലിച്ചുകെട്ടിയ കീറിപ്പറിഞ്ഞ താർപായ്ക്ക് താഴെ മരവിച്ചിരിക്കുന്നതും പേക്കോലങ്ങൾ പോലുള്ള തങ്ങളുടെ പിഞ്ചോമനകളെ മാറിൽ കിടത്തി സമാധാനിപ്പിക്കുന്നതും ഞങ്ങൾ കണ്ടു. ചെളിവെള്ളത്തിലൂടെ നടന്ന് ആ താർപായ്ക്കടുത്തെത്തിയപ്പോൾ തീരാത്ത വേദനകളുടെ കെട്ടഴിഞ്ഞു. വീട് എന്നു പറയാവുന്നതെല്ലാം മഴ വെള്ളം കൊണ്ടുപോയി. ചെറിയൊരു മൺകൂന, ഈ മൺതരികൾ ഞങ്ങളുടെ സ്ഥാവരജംഗമ സ്വത്താണെന്ന് ബോധ്യപ്പെടുത്താൻ മുകളിൽ താർപായ. താഴെ കുറച്ച് അലൂമിനിയപ്പാത്രങ്ങളും മൺപാത്രങ്ങളും. ഒരുപാട് കോളനിവാസികൾക്കും കുടിവെള്ളം കിട്ടാക്കനിയായിരുന്നു. പാടങ്ങളിലൂടെ ഒലിച്ചുപോകുന്നതോ ചെളിവെള്ളം കരകവിഞ്ഞൊഴുകുന്ന കിണർവെള്ളമോ കോരിയെടുത്ത് തോർത്തുവച്ച് അരിച്ചെടുത്ത് കാവിനിറം മാറാത്ത ആ അഴുക്ക് വെള്ളം അവർക്ക് ദാഹശമനം വരുത്തി.

ഇവർക്കെല്ലാം ആവശ്യമായ പുതപ്പ്, പായ, താർപായ എന്നിവ വാങ്ങാൻ ഉടനെ ഏർപ്പാട് ചെയ്തു. ഭക്ഷണമാവശ്യമുള്ളവർക്ക് അരി, പഞ്ചസാര, ചായപ്പൊടി, പരിപ്പ്, പയർ, എണ്ണ, ഉപ്പ്, ഉള്ളി എന്നിവയടങ്ങിയ കിറ്റുകൾ തയ്യാറാക്കിവെക്കാൻ ടൗണിലെ കടകളിൽ വിളിച്ചുപറഞ്ഞു. ഞങ്ങൾക്ക് അന്നുതന്നെ കൂടാളിയിലേക്ക് മടങ്ങേണ്ടതുള്ളതിനാൽ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രതിനിധി അബൂബക്കർ സിദ്ദീഖ് സാഹിബിനോടും അവിടുത്തെ ഖാദിമീങ്ങളോടും അടുത്ത ദിവസംതന്നെ അവ വാങ്ങി വിതരണം ചെയ്യാൻ ആവശ്യപ്പെട്ടു ഞങ്ങൾ മടങ്ങി.

ഇത്രയും എഴുതിക്കഴിയുമ്പോൾ ഞങ്ങളെ ഏറ്റവും അത്ഭുതപ്പെടുത്തുകയും ഞങ്ങൾക്ക് ഏറെ പ്രചോദനം നൽകുകയും ചെയ്ത ഹ്യൂമാനിറ്റി ഫസ്റ്റിന്റെ വയനാട് പ്രതിനിധി അബൂബക്കർ സിദ്ദീഖ് സാഹിബിന്റെ നേതൃത്വത്തിൽ നടക്കുന്ന ആവേശോജ്ജ്വലമായ സന്നദ്ധ സേവാപ്രവർത്തനത്തെപ്പറ്റി അല്പം വിവരിക്കാതിരിക്കാൻ വയ്യ. തന്റെയും തന്റെ കുടുംബത്തിന്റെയും ജോലിയും ആവശ്യങ്ങളും മറന്നുകൊണ്ട് ഒരു കൊടുങ്കാറ്റുപോലെ കോളനികളിൽനിന്ന് കോളനികളിലേക്ക് പറന്നെത്തി ദുഃഖിതരുടെ കണ്ണീരൊപ്പുന്ന ഒരു മഹാമനുഷ്യനെയാണ് അബൂബക്കർ സിദ്ദീഖ് സാഹിബിലൂടെ ഞങ്ങൾക്ക് ദർശിക്കാനായത്. രാപ്പകലില്ലാതെ സേവനനിരതനായിക്കഴിയുന്ന അദ്ദേഹം ജാതിമതഭേദമൊന്നുമില്ലാതെ വിദൂരപ്രദേശങ്ങളിലുള്ളവർക്കുപോലും സുപരിചിതനായിക്കഴിഞ്ഞിരുന്നു. കുടിവെള്ളം മുതൽ ഭക്ഷണസാധനങ്ങൾവരെ അർഹരായവർക്കുവേണ്ടി എത്തിച്ചുകൊടുക്കുക, അധികമാരും ചെയ്യാൻ മടിക്കുന്ന ചെളി മാറ്റി ശുചീകരണ യജ്ഞം നടത്തുക, സ്വന്തം വണ്ടിയിൽ മോട്ടോറും മറ്റു ഉപകരണങ്ങളും കൊണ്ടുപോയി ചെളിനിറഞ്ഞ കിണറുകൾ ശുദ്ധീകരിച്ചുകൊടുക്കുക, വെള്ളമില്ലാത്ത പ്രദേശവാസികൾക്ക് കിണർ കുഴിച്ചുണ്ടാക്കിക്കൊടുക്കുക എന്നിങ്ങനെ വൈവിധ്യമാർന്ന സേവനവൃത്തികളിൽ മുഴുസമയവും വ്യാപൃതനായിരിക്കുകയാണദ്ദേഹം. അതുകൊണ്ടുതന്നെ കലക്ടർതലം തുടങ്ങി പഞ്ചായത്തുതലം വരെയും, എക്സൈസ് മുതൽ ഫോറസ്റ്റുവരെയുമുള്ള ഡിപ്പാർട്ട്മെന്റ് ജീവനക്കാർക്കും കോളനിവാസികൾക്കും അബൂബക്കർ സിദ്ദീഖിന്റെ സാന്നിധ്യം ആവേശവും ആവശ്യവുമാണ്. ഏത് സമയവും ഇവരെല്ലാം ഇദ്ദേഹവുമായി ബന്ധപ്പെടുന്നു. സിദ്ദീഖ് സാഹിബിന്റെ മൊബൈൽഫോൺ അദ്ദേഹത്തോടൊപ്പം പ്രവർത്തനനിരതമായി അദ്ദേഹത്തെ സേവിച്ചുകൊണ്ടേയിരിക്കുന്നു.

എഴുന്നൂറ്റമ്പതോളം കിഡ്നി പോയവരുടെയും ക്യാൻസർ രോഗികളുടെയും കണക്കുകൾ താൻ ശേഖരിച്ചിട്ടുണ്ടെന്നും എല്ലാവരും വയനാട് ജില്ലയിൽ മാത്രമുള്ളവരാണെന്നും അവരിൽനിന്ന് മൂന്ന് പേർക്കെങ്കിലും എല്ലാ മാസവും സഹായമെത്തിക്കാൻ ശ്രമിക്കുകയാണെന്നും അദ്ദേഹം എന്നോട് പറഞ്ഞു. ഉദാരമതികളായ സന്മനസ്സുകളുടെ സഹായസഹകരണത്തോടു കൂടി ഇനിയും കൂടുതലായി സൃഷ്ടിസേവന പ്രക്രിയ ത്വരിതപ്പെടുത്തി പ്രാർഥനാനിർഭരം മുന്നോട്ടുപോകാൻ ഞങ്ങൾക്ക് ഈ യാത്ര ഏറെ പ്രചോദനം നൽകി എന്നത് വിസ്മരിക്കാവുന്നതല്ല.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**‘അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.’**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

താലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

# ജീവാർപ്പണം ചെയ്തവരുടെ അനുഭവസമ്പത്തുകൾ

**വിവർത്തകൻ: കെ.വി.ഹസൻകോയ, കോഴിക്കോട്**

### ദിവ്യമായൊരു സദ്യ

ഖലീഫത്തുൽ മസീഹ് ഒന്നാമൻ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) പ്രസ്താവിച്ചതായി ഹദ്റത്ത് ഹാഫിള് രോശൻ അലി സാഹിബ്(റ) നിവേദനം ചെയ്തു. ഹദ്റത്ത് ഹാഫിള് രോശൻ അലി സാഹിബ്(റ) ഒരിക്കൽ ഒരു പ്രഭാഷണത്തിന്നിടയിൽ ആകാശീയ ഭക്ഷണം കഴിച്ചു. അദ്ദേഹം കബാബും പൊറോട്ടയും (നെയ്യിലോ വെണ്ണയിലോ വേവിച്ചെടുത്ത റൊട്ടി) ജാഗ്രതാവസ്ഥയിൽതന്നെ കഴിക്കുകയായിരുന്നു.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) നിവേദനം ചെയ്യുന്നു: "ഞാൻ ഈ സംഭവം കേട്ടപ്പോൾ അത് കൂടുതൽ വിശദീകരിക്കണമെന്ന് ഹദ്റത്ത് രോശൻ അലി സാഹിബിനോട് പറഞ്ഞു. അദ്ദേഹം പറഞ്ഞു: "ഞാൻ ഒരിക്കൽ ഒരു പ്രഭാഷണത്തിന് കാത്തിരിക്കുകയായിരുന്നു. ഒന്നും കഴിച്ചിട്ടില്ലായിരുന്നു. ഡിന്നറിന്റെ സമയം കഴിഞ്ഞിരുന്നു. പ്രഭാഷണം തുടങ്ങി. വിശപ്പിനെക്കുറിച്ച് ചിന്തിക്കാതെ ഞാൻ ലക്ച്ചർ ക്ലാസ്സിൽ ശ്രദ്ധിച്ചിരുന്നു. പ്രഭാഷണത്തിന്റെ ശബ്ദം ഞാൻ വ്യക്തമായും കേൾക്കുന്നുണ്ടായിരുന്നു. ചുറ്റുപാടുകളെക്കുറിച്ച് ബോധവാനുമായിരുന്നു. പെട്ടെന്ന് ശബ്ദം കുറഞ്ഞുവന്നു. ജാഗ്രതാവസ്ഥയിലായിരിക്കെത്തന്നെ എനിക്ക് കേൾക്കാനും കാണാനും കഴിഞ്ഞില്ല. അതേസമയം ഏതോ ഒരാൾ എന്റെ മുമ്പിൽ ചൂടു ഭക്ഷണം കൊണ്ടുവന്നു. അത് പൊറോട്ടയും പൊരിച്ച ആട്ടിറച്ചിയുമായിരുന്നു. ഞാൻ തിന്നാൻ തുടങ്ങി. ഭക്ഷണം നല്ലപോലെ കഴിച്ചു. എന്റെ വിശപ്പടങ്ങിയപ്പോൾ പൂർവ്വാവസ്ഥയിലായി. അധ്യാപകന്റെ ശബ്ദം വീണ്ടും കേൾക്കുമാറായി. അതേസമയം എന്റെ വയർ നിറഞ്ഞതായി അനുഭവപ്പെട്ടു. ഒരാൾ ഭക്ഷണം കഴിച്ചുകഴിഞ്ഞാലുണ്ടാകുന്ന ഉന്മേഷവും സംതൃപ്തിയുമുണ്ടായി. ഞാൻ എങ്ങും പോകാതെയും മറ്റാരും ഞാൻ ഭക്ഷണം കഴിക്കുന്നത് കാണാതെയുമായിരുന്നു ഇത്.

### അത്ഭുതകരവും ശക്തവുമായ കാറ്റ്

ബഹുമാന്യനായ ഡോ. മേജർ ശാനവാസ് സാഹിബ് പ്രസ്താവിക്കുന്നു: ഒരിക്കൽ ഞാൻ യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോൾ അങ്ങേയറ്റം ക്ഷീണിതനായിരുന്നു. തഹജ്ജുദ് നമസ്കാരത്തിന് എഴുന്നേൽക്കാൻ പറ്റില്ലെന്ന ആശങ്കയുണ്ടായി. അങ്ങനെ വിഷമത്തോടെ ഉറങ്ങാൻപോയി. അർധരാത്രിയിൽ എന്റെ അലമാരയിലിരുന്ന ഒരു കാലി പാത്രം എന്റെ മുഖത്തേക്ക് വീണു. അപ്പോൾ ഞാൻ ഉണർന്നു. അങ്ങനെ ഏകദേശം പുലർച്ചെ 2 മണിക്ക് സർവ്വശക്തനായ അല്ലാഹു ശക്തിയായ കാറ്റടിപ്പിച്ചുകൊണ്ട് ആ പാത്രം വീഴ്ത്തി. തന്റെ വിനീതഭക്തനെ തഹജ്ജുദ് നമസ്കാരത്തിന് എഴുന്നേല്പ്പിച്ചു. (അൽഫള്ൽ, ഒക്ടോബർ 4, 1929)

### സ്വപ്നം മുഖേന ദൈവസഹായം

തബ്ലീഗ് രംഗത്ത് സർവ്വശക്തനായ അല്ലാഹു പലവിധത്തിലും ഒരാൾക്ക് പിന്തുണ നൽകാറുണ്ട്. ഈ സഹായങ്ങളിലൊന്ന് സ്വപ്നം മുഖേനയോ ദർശനം മുഖേനയോ ആയിരിക്കും. അത്തരത്തിലുള്ള ഒരു സംഭവം ഇവിടെ വിവരിക്കുകയാണ്.

ഒരിക്കൽ പശ്ചിമാഫ്രിക്കയിലെ ആദ്യത്തെ മിഷണറിയായിരുന്ന ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് നയ്യർ(റ) നൈജീരിയയുടെ തലസ്ഥാനമായ ലാഗോസിലെ അനഹ്മദികളുടെ കേന്ദ്രമസ്ജിദ് സന്ദർശിച്ചു. ഇത് 1921–ലായിരുന്നു. മസ്ജിദിൽ സന്നിഹിതരായിരുന്ന നിരവധി പേരിൽ ഒരാൾ പറഞ്ഞു, മസ്ജിദിലെ മുൻ ഇമാമായിരുന്ന അൽഫ അയനാമോ സാഹിബ് താൻ മരിക്കുന്നതിന് മുമ്പേ എന്നോട് ഒരു സ്വപ്നത്തെക്കുറിച്ച് വിവരിച്ചിരുന്നു. താൻ ഇമാം മഹ്ദി(അ)യെ സ്വപ്നത്തിൽ കണ്ടുവെന്നും ആ മഹാത്മാവ് തനിക്ക് സ്വയം ആഫ്രിക്കയിൽ വരാൻ കഴിയുകയില്ലെങ്കിലും തന്റെ സ്വഹാബിമാരിൽ ഒരാൾ ഇവിടെവന്ന് മുസ്‌ലിമീങ്ങൾക്ക് മാർഗദർശനം നൽകുമെന്നും പറഞ്ഞിരുന്നു. മസ്ജിദിൽ സന്നിഹിതരായ എല്ലാവരും ഏകസ്വരത്തിൽ ഈ പ്രസ്താവനയെ സത്യപ്പെടുത്തി.

ഹദ്റത്ത് മൗലാനാ അബ്ദുറഹീം സാഹിബ് നയ്യർ(റ) വാഗ്ദത്ത മസീഹിന്റെ ഒരു സ്വഹാബിയായിരുന്നു. അദ്ദേഹം പറയുന്നു: "ഈ കഥ കേട്ടപ്പോൾ, ഞാനെത്രമാത്രം ഭാഗ്യവാനാണെന്ന് മനസ്സിലാക്കി. എന്റെ കണ്ണുകളിൽനിന്ന് അശ്രുക്കൾ പൊഴിഞ്ഞു. ഈ സംഭവത്തിന്റെ പിറ്റേ ദിവസം, മസ്ജിദിലെ രണ്ടു പ്രതിനിധികൾ അദ്ദേഹത്തെ സന്ദർശിക്കുകയും അവിടുത്തെ സമുദായത്തിലെ എല്ലാവരും അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നതായി സന്ദേശം നൽകുകയും ചെയ്തു. മുഴുവൻ സമുദായത്തിന്റേയും പ്രതിനിധികളായി നാല്പതുപേർ വന്ന് ബയ്അത്ത് ചെയ്യുവാൻ അദ്ദേഹം മുഖ്യ ഇമാമിന് സന്ദേശമയച്ചു. അങ്ങനെ ഈ വിധത്തിൽ ആ സമുദായത്തിലെ ഏകദേശം പതിനായിരത്തോളം വരുന്ന അംഗങ്ങൾ ഒരേസമയം അഹ്ദിയ്യാ ജമാഅത്തിൽ ബയ്അത്ത് ചെയ്തു.(Faith Inspiring Incidents of Heavenly Support in the Field of Preaching Page 9-10)

### ദുആ സ്വീകാര്യതയുടെ ഒരു ദൃഷ്ടാന്തം

ജീവിതം ദൈവമാർഗത്തിൽ അർപ്പണം ചെയ്തവരുടെ നേട്ടങ്ങൾ ദുആയെ ആശ്രയിച്ചാണിരിക്കുന്നത്.

ഹദ്റത്ത് ചൗദരി ഫതഹ് മുഹമ്മദ് സാഹിബ് സിയാൽ(റ) തന്റെ രസകരമായ സ്വപ്നം വിവരിക്കുന്നു: അദ്ദേഹം ഒരു കസേരയിൽ ഇരിക്കുകയാണ്. വളരെ വിഷമങ്ങൾ അദ്ദേഹം അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. കൃത്രിമമായ കല്ലുകൾ കൊണ്ടുണ്ടാക്കിയ ബിംബങ്ങൾ അദ്ദേഹത്തെ വലയം ചെയ്തിരിക്കുന്നത് അദ്ദേഹം കാണുന്നു. അവ നിരവധി ഉണ്ടായിരുന്നു. അവയെ കണ്ട് അദ്ദേഹം അമ്പരന്നു. അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു: "എനിക്കവയിൽനിന്ന് എങ്ങനെ രക്ഷപ്പെടാൻ പറ്റും?" അതേസമയം ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ അടുത്തുതന്നെ നില്ക്കുന്നുണ്ട്. ഹുദൂർ(അ) പറഞ്ഞു: "സർവ്വശക്തനായ അല്ലാഹുവിൽനിന്നുള്ള സംരക്ഷണമല്ലാതെ ഒരു സംരക്ഷണവുമില്ല."

അതേ രാത്രിതന്നെ അദ്ദേഹം ഒരു ആരോഗ്യവതിയുടെ രൂപത്തിൽ ശയ്ത്വാനെ കണ്ടു. അവൾ ഒരു പ്ലാറ്റ്ഫോമിൽ നില്ക്കുകയാണ്. ധാരാളം ജോലിക്കാരും അവരുടെ ഏജന്റുമാരും അടുത്തുതന്നെ നില്ക്കുന്നുണ്ട്. ആ സ്ത്രീ അവരോട് കോപത്തോടെ അട്ടഹസിച്ചു: "അഹ്മദികളെ കുറിച്ച് ഞാൻ കേൾക്കുന്ന ശബ്ദമിതെന്താണ്? എല്ലാ മൂലയിൽനിന്നും ഞാൻ കേൾക്കുന്നത് അഹ്മദികൾ വിജയിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. അവർക്കെതിരിൽ നിങ്ങൾക്കൊന്നും ചെയ്യാൻ പറ്റില്ലേ?" ഇതുകേട്ടപ്പോൾ ശയ്ത്വാന്മാർ പറഞ്ഞു: 'ഞങ്ങൾ അഹ്മദികൾക്കെതിരിൽ അശക്തരാണ്. അഹ്മദികൾ തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നത് പ്രാർഥന മുഖേനയാണ്.' അതിനാൽ അവർക്കെതിരിൽ ഇടപെടാൻ തങ്ങൾക്കാവില്ലെന്ന് അവർ സമ്മതിച്ചു. (സീറത്ത് ഹദ്റത്ത്ചൗദരി ഫതഹ് മുഹമ്മദ് സാഹിബ് സിയാൽ(റ), പേജ് 240)

### മറ്റൊരു ദൃഷ്ടാന്തം

1947–ൽ വ്യാജാരോപണത്തിന്റെ പേരിൽ ഹദ്റത്ത് ചൗദരി ഫതഹ് മുഹമ്മദ് സാഹിബ് സിയാൽ(റ) അറസ്റ്റു ചെയ്യപ്പെട്ടു. അദ്ദേഹത്തോടൊപ്പം മറ്റൊരാളും ബട്ടാല ജയിലിൽ ഉണ്ടായിരുന്നു. അയാൾ ഒരിക്കൽ ചൗദരി സാഹിബിനോടു ചോദിച്ചു: "താങ്കളെന്താണ് വളരെ ശാന്തനായിരിക്കുന്നത്?" അദ്ദേഹം മറുപടി പറഞ്ഞു: 'ഞാൻ തടവിൽനിന്ന് വളരെ സുരക്ഷിതനായി വിട്ടയക്കപ്പെടുമെന്ന് സർവ്വശക്തനായ ദൈവം എന്നെ അറിയിച്ചിരിക്കുന്നു.' അതിനാൽ ജയിലിൽനിന്നും മോചിതനാവുന്നതിനുവേണ്ടി ഇനിയും പ്രാർഥിക്കുന്നത് എനിക്ക് ലജ്ജാകരമായി തോന്നുന്നു.' ഇതുകേട്ടപ്പോൾ അയാൾ പറഞ്ഞു: 'താങ്കൾ എനിക്കുവേണ്ടിയും പ്രാർഥിക്കുക. എന്നിട്ട് സർവ്വശക്തനായ ദൈവം എന്നേയും മോചിപ്പിക്കുമെന്ന് പറഞ്ഞാൽ എനിക്കും ശാന്തനായി ഇരിക്കാമല്ലോ.' അപ്പോൾ ചൗദരി സാഹിബ് ദുആ ചെയ്യാമെന്ന് വാഗ്ദാനം ചെയ്തു. കുറച്ചു ദിവസങ്ങൾക്കുള്ളിൽ ആ വ്യക്തി ഒരു വ്യക്തമായ സ്വപ്നം കണ്ടു. അവർ രണ്ടുപേരും പാക്കിസ്താനിൽ എത്തിയതായും ജയിലിന്റെ ഗേറ്റുകൾ തുറന്നിടപ്പെട്ടതുമായാണ് സ്വപ്നം കണ്ടത്. അവരുടെ ബന്ധുക്കൾ അവരെ സ്വീകരിക്കാൻ മധുരപലഹാരങ്ങളുമായാണ് വന്നത്. അവ വിതരണം ചെയ്യപ്പെട്ടു. അതിനുശേ

**അല്ലാഹുവിന്റെ കലാം**

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

**കലാമുൽ ഇമാം:-**

'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

ഷം ആ വ്യക്തി അഹ്മദിയ്യത്ത് സ്വീകരിച്ചു.' (സീറത്ത് ഹദ്റത്ത് ചൗദ്രി ഫതഹ് മുഹമ്മദ് സാഹിബ് സിയാൽ, പേജ് 370)

### ദൈവികശക്തിയുടെ അത്ഭുതകരമായ പ്രകടനം

ഹദ്റത്ത് മാസ്റ്റർ മുഹമ്മദ് ശാഫി അസ്‌ലം സാഹിബ് ശുദ്ധിപ്രസ്ഥാനത്തിനെതിരിൽ പ്രവർത്തിച്ച മുബല്ലിഗുമാരിൽ ഒരാളായിരുന്നു. അദ്ദേഹം നിവേദനം ചെയ്യുന്നു:

"ഗംഗാ നദിയ്ക്കക്കരെ നാഗരിയ്യ ജവഹർ എന്ന ഒരു ഗ്രാമമുണ്ടായിരുന്നു. അവിടുത്തെ നിവാസികൾ ശുദ്ധിപ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെടുന്നുവെന്നു എനിക്ക് അറിവ് ലഭിച്ചു. അതിനാൽ ഞാൻ ടൗണിൽ ഒരു യോഗം വിളിക്കാൻ പദ്ധതിയിട്ടു. മൗലാനാ ജലാലുദ്ദീൻ സഹിബ് ശംസ്(റ) ആ സ്ഥലത്തെ സംവാദകനായി നിയമിക്കപ്പെട്ടു. എപ്പോഴെല്ലാം ആര്യസമാജികളുമായി സംവാദമുണ്ടാകുമോ അപ്പോഴെല്ലാം മൗലാനാ സാഹിബിനെ സംവാദകനായി ആഗ്രയിൽനിന്ന് വിളിച്ചുവരുത്താറായിരുന്നു പതിവ്. വൈകുന്നേരം മൗലവി സാഹിബും മുഹമ്മദ് യാമിൻ സാഹിബും ഒരു പുസ്തകകച്ചവടക്കാരനും ഞാനും മറ്റു ചിലരും നാഗാര്യ ജവഹർ നഗരിൽ എത്താറാണുള്ളത്. രാത്രിയാണ് യോഗം. ഒരു അനഹ്മദി മൗലവിയുണ്ടായിരുന്നു. അദ്ദേഹം സംസാരിച്ചു. യോഗം അവസാനിച്ചപ്പോൾ മൽക്കാനകൾ (ശുദ്ധിപ്രസ്ഥാനത്തിന്റെ ലക്ഷ്യമായ രജപുത്ത് മുസ്‌ലിമീങ്ങൾ) ഞങ്ങളോട് പറഞ്ഞു: 'ഇവിടുത്തെ ഹിന്ദുക്കൾ ദുഷ്ടന്മാരാണ്. അവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിക്കുന്നു. രാത്രി അവർ ബുദ്ധിമുട്ടുണ്ടാക്കാൻ സാധ്യതയുണ്ട്. ഞങ്ങൾ ദുർബലരാണ്. നിങ്ങളെ സംരക്ഷിക്കാൻ കഴിയില്ല. ഇപ്പോൾതന്നെ നിങ്ങൾ ഗ്രാമം വിട്ടുപോകുന്നതാണ് നല്ലത്.' ഇതുകൂടാതെ അപകടകരമായ സ്ഥലത്ത് രാത്രി കഴിച്ചുകൂട്ടരുതെന്ന് ഹുദൂറിന്റെ നിർദ്ദേശവുമുണ്ടായിരുന്നു. അതനുസരിച്ച് അഞ്ചോ ആറോ പേരടങ്ങുന്ന ആ ഗ്രൂപ്പ് പാതിരാത്രി ഫാറൂഖാബാദിലേക്ക് പുറപ്പെട്ടു. അത് ഏകദേശം എട്ടോ പത്തോ മൈൽ അകലെയായിരുന്നു. മൂന്നു നാല് നാഴിക നടന്നപ്പോൾ ഞങ്ങൾക്ക് വഴി തെറ്റി. സമയം ഏകദേശം രാത്രി രണ്ടുമണിയായിരുന്നു. ശരിയായ വഴിയന്വേഷിച്ച് ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടും അലയാൻ തുടങ്ങി. എന്നിരിക്കിലും വഴി കണ്ടെത്താനായില്ല. അതുകൊണ്ട് ഞങ്ങളോരോരുത്തരും സർവ്വശക്തനായ അല്ലാഹുവിനോട് പ്രാർഥിക്കാൻ തുടങ്ങി. രാത്രിയായതിനാൽ കൂരിരുട്ടായിരുന്നു. ചുറ്റുവട്ടത്തെങ്ങും ആൾപാർപ്പിന്റെ സൂചനപോലുമില്ലായിരുന്നു. ഈ അവസ്ഥയിൽ യാത്രക്കാരന്റെ കാര്യം ദയനീയമാണ്. അങ്ങനെയുള്ള അവസ്ഥയിൽ യാത്ര ചെയ്ത ഒരാൾക്ക് മാത്രമേ സ്ഥിതിഗതികൾ മനസ്സിലാക്കാൻ സാധിക്കൂ. സർവ്വശക്തനായ അല്ലാഹുവിന്റെ കാരുണ്യംകൊണ്ടുമാത്രം ശരിയായ വഴിയിലേക്ക് അസാധാരണ ദൃഷ്ടാന്തം മുഖേന ഞങ്ങൾക്ക് വഴികാണിക്കപ്പെട്ടു. ഞങ്ങൾ ദുആ ചെയ്തുകൊണ്ടിരുന്നപ്പോൾ അല്പമകലെ വലതുഭാഗത്ത് വൈക്കോൽ കറ്റയ്ക്ക് തീപിടിച്ചു. ഗോതമ്പ് വിളവെടുക്കുന്ന സമയമായിരുന്നില്ല അത്. പെട്ടെന്ന് വിശാലമായ സ്ഥലത്ത് വെളിച്ചം പടർന്നു. തീജ്വാലകൾ വലുതായി വന്നു. വെളിച്ചം കാരണം ഞങ്ങൾക്ക് ശരിയായ വഴി എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിച്ചു. ഞങ്ങൾക്ക് ചുറ്റുമുള്ള വിശാലമായ പ്രദേശത്ത് വെളിച്ചം പടർന്നിരുന്നു. അനഹ്മദി മൗലവി അന്ധാളിച്ചുപോയി. അടുത്ത പ്രദേശത്തെ ജിന്നിന്റെ പണിയായിണിതെന്ന് അയാൾ വിചാരിച്ചു. സർവ്വശക്തനായ അല്ലാഹു അത്യാവശ്യ സമയത്ത് ഞങ്ങളെ വഴിനടത്തിയതിൽ ഞങ്ങൾ അത്യാഹ്ലാദംകൊണ്ടു. ഗംഗാനദിയുടെ പാലം അല്പം നാഴിക അകലെയായിരുന്നു. ഞങ്ങൾ പാലത്തിനടുത്തെത്തുന്നതുവരെ വെളിച്ചമുണ്ടായിരുന്നു; പാലത്തിനടുത്തെത്തിയപ്പോൾ വെളിച്ചം അപ്രത്യക്ഷമായി. സർവ്വസ്തുതിയും പ്രതാപവാനായ അല്ലാഹുവിനത്രെ! തന്റെ വിനീതദാസരെ സർവ്വശക്തനായ അല്ലാഹു രക്ഷിച്ചതെങ്ങനെയെന്ന് നോക്കൂ. അവരെ അവൻ എങ്ങനെ സഹായിച്ചെന്നും രക്ഷിച്ചതെന്നും നോക്കുക. ഞങ്ങൾ പാലത്തിനടുത്തെത്തിയപ്പോൾ സൂര്യൻ ഉദിക്കാറായിരുന്നു. ഞങ്ങൾ സുബ്ഹി നമസ്കാരിച്ചു. പുലർച്ചെ ഫാറൂഖാബാദിൽ എത്തിച്ചേർന്നു.

ഞാനും, സഹോദരൻ മുഹമ്മദ് യാമീനും മഹാശാ മുഹമ്മദ് ഉമർ സാഹിബും ഈ സംഭവത്തിന് സാക്ഷികളാണ്. ഞാൻ വിവരിച്ച പ്രകാരമാണ് സംഭവിച്ചതെന്ന് അവർ സത്യം പറയുന്നു. (മേരീ കഹാനി, ഹദ്റത്ത് മാസ്റ്റർ മുഹമ്മദ് ശാഫി അസ്‌ലം സ്വന്തം ആത്മകഥ, പേജ് 70–71)

### തോക്ക് വെടിയുതിർത്തില്ല

ഹദ്റത്ത് മൗലവി അബുൽ അത്വാ സാഹിബ് ജലന്തരി(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ, ഞാൻ എന്റെ ഒരു അഹ്മദീ സുഹൃത്തിനൊപ്പം കബാബീർ എന്ന സ്ഥലത്ത് ഒരു തബ്‌ലീഗ് പരിപാടി കഴിഞ്ഞു മടങ്ങിവരികയായിരുന്നു. ഞങ്ങൾ കാട്ടിൽക്കൂടി വരുമ്പോൾ കുറ്റിക്കാടുകൾക്കിടയിൽനിന്ന് ഒരനക്കമുള്ളതായി തോന്നി. ഏതെങ്കിലും മൃഗമായിരിക്കുമതെന്ന് കരുതി അധികം ശ്രദ്ധിച്ചില്ല. കുറച്ചുകൂടി യാത്രചെയ്തപ്പോൾ രണ്ട് വെടിയൊച്ച കേട്ടു. അതും മറ്റെന്തെങ്കിലുമായിരിക്കുമെന്ന് കരുതി ഞങ്ങൾ ശ്രദ്ധിച്ചില്ല. അതൊരു അപ്രധാന സംഭവമാണെന്ന് കരുതി ഞങ്ങൾ അതു മറന്നു. എന്നിരിക്കിലും പിന്നീട് ഞങ്ങൾ കേട്ട കാര്യം സ്ഥാപിക്കുന്നത് ഞങ്ങളുടെ യാത്ര മാരകമായ ഒന്നായിരുന്നുവെന്നാണ്. ഞങ്ങൾ സർവ്വശക്തനായ അല്ലാഹുവിന്റെ സഹായത്താൽ സുരക്ഷിതരായെന്നു മാത്രം.

വളരെ കാലത്തിനുശേഷം സംഭവത്തിന്റെ യാഥാർഥ്യം മനസ്സിലായി. അവിടെ അഹ്മദിയ്യത്തിന്റെ ചില ശത്രുക്കളുണ്ടായിരുന്നു. അവർ എന്നെ കൊല്ലാൻ ശ്രമിക്കുകയായിരുന്നു. സംഭവദിവസം രാത്രി രണ്ടു യുവാക്കൾ നിറതോക്കുകളുമായി കുറ്റിക്കാട്ടിൽ പതിഞ്ഞിരിക്കുകയായിരുന്നു, അവർ എന്നെ കൊല്ലുവാൻ അവസരം പാർത്തിരിക്കുകയായിരുന്നു. ഞാനും എന്റെ സുഹൃത്തും അവരുടെ മുന്നിലൂടെ കടന്നുപോയപ്പോൾ യുവാക്കളിൽ ഒരാൾ എന്നെ വധിക്കുവാൻ കാഞ്ചിവലിച്ചു. എന്നാൽ, തോക്ക് വെടിയുതിർത്തില്ല. വധശ്രമത്തെക്കുറിച്ച് തികച്ചും അജ്ഞരായിക്കൊണ്ട് ഞങ്ങൾ കടന്നുപോയി. ഞങ്ങൾക്ക് സർവ്വശക്തനായ ദൈവത്തിന്റെ സംരക്ഷണമുണ്ടായിരുന്നു. ഞങ്ങൾ കടന്നുപോയപ്പോൾ യുവാക്കൾ വീണ്ടും കാഞ്ചിവലിച്ചപ്പോൾ വെടിപൊട്ടി. തോക്കുകൾക്ക് കേടൊന്നുമുണ്ടായിരുന്നില്ല. ഇസ്‌ലാമിന്റെ സേവകർക്കു നേരെ തോക്ക് ചൂണ്ടിയപ്പോൾ സർവ്വശക്തനായ ദൈവത്തിന്റെ ശക്തിമൂലം തോക്കുകൾ നിർവീര്യമായെന്നു മാത്രം!' (Faith Inspiring Incidents of Heavenly Support in the Field of Preaching Page 43-44).

### ദൈവികമാർഗദർശനമുള്ള വാദഗതികൾ

നിരവധി ദാഇയാന്റേയും(അല്ലാഹുവിലേ ജനങ്ങളെ ക്ഷണിക്കുന്നവർ) മിഷണറിമാരുടേയും അനുഭവമെന്തെന്നാൽ അവർ പ്രബോധനം ചെയ്യുമ്പോൾ സർവ്വശക്തനായ ദൈവം നിമിഷനേരംകൊണ്ട് അവരുടെ മനസ്സിൽ ചില പോയിന്റുകൾ തോന്നിപ്പിക്കുന്നു. അവ വളരെ ലളിതസാധാരണമാണെങ്കിലും ആകർഷണീയവും ഫലപ്രദവുമായിരിക്കും.

ഹദ്റത്ത് മൗലാനാ അബ്ദുൽ അത്വാ സാഹിബ് ജലന്തരി(റ) നിവേദനം ചെയ്യുന്നു: "ഒരിക്കൽ പലസ്തീനിൽ നബ്‌ലസിൽനിന്നുള്ള ചില അധ്യാപകന്മാർ മതപരമായ ചർച്ചയ്ക്ക് എന്നെ സന്ദർശിച്ചു. ആ അവസരത്തിൽ എന്നെക്കൂടാതെ ചില മുതിർന്ന അഹ്മദികളും അഹ്മദിയ്യാ ദാറുത്തബ്‌ലീഗിൽ സന്നിഹിതരായിരുന്നു. യേശുക്രിസ്തുവിന്റെ മരണത്തെ സംബന്ധിച്ച ചർച്ചയായിരുന്നു നടന്നുകൊണ്ടിരുന്നത്. ഒരു അനഹ്മദി പണ്ഡിതൻ യേശുക്രിസ്തു മരിച്ചുപോയെങ്കിൽ അദ്ദേഹത്തിന്റെ ഖബർ എവിടെയാണെന്നു ചോദിച്ചു. യേശുക്രിസ്തുവിന്റെ ഖബർ കശ്മീരിലുണ്ടെന്നതിന് ചരിത്രപരമായ തെളിവുണ്ടെന്ന് പറഞ്ഞു. അത്രയും ദൂരമോ? അതെങ്ങനെയാണ്? അയാൾ ചോദിച്ചു. ഞാൻ മറുപടി പറയാനിരിക്കുകയായിരുന്നു. അപ്പോൾ എന്റെ പരേതനായ സഹോദരൻ അലി അൽ ഖസാഫ്, അദ്ദേഹത്തിന് സാധാരണ വിദ്യാഭ്യാസമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം ഉടനെ ചോദിച്ചു. "കശ്മീർ ആകാശത്തേക്കാൾ ദൂരെയാണോ?" ഈ യുക്തമായ മറുപടികേട്ട് അനഹ്മദി പണ്ഡിതനും മറ്റുള്ള അധ്യാപകരും നിരുദ്ധകണ്ഠരായി.

യേശു(അ)ന്റെ മരണത്തെ സംബന്ധിച്ച് വളരെ രസകരമായൊരു സംഭവം റബ്‌വയിലുണ്ടായി. ചില അനഹ്മദി പണ്ഡിതന്മാർ റബ്‌വ സന്ദർശിക്കുകയും വളരെ വിശദമായ നിലയിൽ യേശു(അ)ന്റെ മരണത്തെ സംബന്ധിച്ച് സംവാദം നടത്തുകയുമുണ്ടായി. യേശുവിന്റെ മരണത്തെ സംബന്ധിച്ച വിശുദ്ധഖുർആനിലെ നിരവധി വചനങ്ങൾ കേൾപ്പിച്ചിട്ടും അവർക്ക് ബോധ്യംവന്നില്ല. യേശുവിന്റെ മരണത്തെ സംബന്ധിച്ച വ്യക്തമായ വചനംതന്നെ കേൾപ്പിക്കണമെന്ന് അവർ നിർബന്ധിച്ചു. അവസാനം അവരുടെ അഹ്മദി സുഹൃത്ത് അവരെ മൗലാനാ അഹ്മദ് ഖാൻ നസീം സാഹിബിന്റെ അടുക്കൽ കൊണ്ടുപോയി. ഇവിടെയും അവർ ആദ്യത്തെപ്പോലെ ഖുർആനിക വചനം കാണിക്കണമെന്ന് ശഠിച്ചു. മൗലാനാ സാഹിബ് അവർക്ക് മറുപടിയായി ഒരു സമർഥമായ മാർഗം സ്വീകരിച്ചു.

(തുടരും)

| | |
|---|---|
| 'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേൽക്കുക.' (ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565) | അമീറുൽ മുഅ്മിനീന്റെ ഉപദേശം:- |

താലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

| | |
|---|---|
| "വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്." (ജുമുഅ ഖുത്ബ 25-7-2014) | അമീറുൽ മുഅ്മിനീന്റെ ഉപദേശം:- |

താലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 19 (വെള്ളിയാഴ്ച)**

**(തുടർച്ച)**

ഒരു ജേർണലിസ്റ്റ് ചോദിച്ചു: 'നിങ്ങളുടെ ഈ പ്രവർത്തന ശൈലിയിൽ എന്ത് പ്രതികരണമാണ് ഉണ്ടാകുന്നത്?

**ഹുദൂർ:** ഞങ്ങൾ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളാണ് വ്യാപിപ്പിക്കുന്നത്. ഞങ്ങൾക്ക് ആരേയും നിർബന്ധിക്കാൻ കഴിയില്ല. ഞങ്ങൾ ഞങ്ങളുടെ പ്രവർത്തിക്ക് മാത്രമേ ഉത്തരവാദികളാകുന്നുള്ളൂ. ഞങ്ങൾ അഹ്മദി മുസ്ലിമീങ്ങളാണ്. നിങ്ങൾക്ക് ഞങ്ങളിൽ നിന്ന് അങ്ങനെയൊരു രീതി കാണാൻ സാധിക്കില്ല. കാര്യങ്ങൾ മനസ്സിലാക്കുന്നവരാണെങ്കിൽ അവർക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കാനുള്ള ശ്രമങ്ങൾ നടത്താൻ ഞങ്ങൾക്ക് കഴിയും. ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളായ കേവലം സ്നേഹത്തിന്റേയും സമാധാനത്തിന്റേയും അധ്യാപനങ്ങളാണ് ഞങ്ങൾ പ്രചരിപ്പിക്കുന്നത്.

ഒരു ജേർണലിസ്റ്റ് ചോദിച്ചു: മസ്ജിദിനെ സംബന്ധിച്ചും മസ്ജിദിൽ വരുന്നവരെ സംബന്ധിച്ചും ഫിലാഡൽഫിയാ ജനതയോട് താങ്കൾ എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?

**ഹുദൂർ:** 'മസ്ജിദിന്റെ ഉൽഘാടന അവസരത്തിൽ ഇതു സംബന്ധിച്ച് വിശദമായി സംസാരിക്കുന്നതാണ്.'

ഒരു ജേർണലിസ്റ്റ് ചോദിച്ചു:'ഈ പ്രദേശത്ത് മസ്ജിദ് നിർമിക്കുന്നതിന് എന്ത് പ്രാധാന്യമാണുള്ളത്?

**ഹുദൂർ:** എവിടെയാണോ നമ്മുടെ ജമാഅത്ത് സ്ഥാപിതമാകുന്നത്, അവിടെ ഒരു മസ്ജിദ് ഉണ്ടാക്കാൻ നാം ശ്രമിക്കുന്നു. മതപരമായ ഒരു ജമാഅത്തിന് ഇബാദത്ത് ചെയ്യാനുള്ള സ്ഥലം ഉണ്ടാകുക എന്നത് വളരെ അത്യാവശ്യമാണ്. ഇവിടെ നമുക്ക് നല്ലൊരു സ്ഥലം ശരിയായി എന്നത് സൗഭാഗ്യമാണ്. ഡൗൺ ടൗണിലാണ് സ്ഥലം കിട്ടിയിരുന്നെങ്കിൽ അവിടെയായാലും മസ്ജിദുണ്ടാക്കുമായിരുന്നു. ഞങ്ങൾ ഇവിടെ ഫിലാഡൽഫിയ പട്ടണത്തിൽ മസ്ജിദുണ്ടാക്കി. ഈ സ്ഥലം തിരഞ്ഞെടുക്കുന്നതിന് പ്രത്യേക കാരണമൊന്നുമില്ല. ഇവിടെ ഞങ്ങൾക്ക് നല്ല വിലയ്ക്ക് നല്ല സ്ഥലം കിട്ടി. അതുകൊണ്ട് ഈ സ്ഥലം മസ്ജിദ് നിർമിക്കാൻ ഞങ്ങൾ തിരഞ്ഞെടുത്തു.

ഒരു പത്രപ്രവർത്തകൻ ചോദിച്ചു: താങ്കളിവിടെ ഫിലാഡൽഫിയയിൽ ആദ്യമായാണ് എത്തുന്നത്. ഇവിടുത്തെ ഏതെങ്കിലും പ്രാദേശിക ഭക്ഷണം കഴിച്ചിട്ടുണ്ടോ?

ഹുദൂർ:'എന്നോട് ഇവിടെയുള്ള ആരും ഒരു ഭക്ഷണത്തെപ്പറ്റിയും പ്രാദേശികമെന്ന് പ്രത്യേകമായി പറഞ്ഞിട്ടില്ല. അത് അവർ എന്നോട് പറയേണ്ടതായിരുന്നു. നിങ്ങളെന്തെങ്കിലും നിർദേശിക്കുകയാണെങ്കിൽ ഞാൻ ശ്രമിക്കാം. എനിക്ക് വിവിധ ഭക്ഷണങ്ങൾ പരിശോധിച്ച് നോക്കുന്നത് ഇഷ്ടമാണ്.

അപ്പോൾ ചോദ്യ കർത്താവ് പറഞ്ഞു:'ചീസ് സ്റ്റീക്കാണ്(Chees Steak) ഞാൻ നിർദേശിക്കുത്.

ഹുദൂർ ചിരിച്ചു കൊണ്ട് പറഞ്ഞു: ശരി

ഒരു പത്രപ്രവർത്തകൻ ചോദിച്ചു: അഹ്മദിയ്യാ ജമാഅത്തിന് ഇവിടെ അമേരിക്കയിലും ഇതര രാഷ്ട്രങ്ങളിലും എന്തെല്ലാം വെല്ലുവിളികളെയാണ് നേരിടേണ്ടിവരുന്നത്?

**ഹുദൂർ:** ഇക്കാലഘട്ടത്തിൽ ജനങ്ങൾ അവരുടെ സ്രഷ്ടാവിനെ മറന്നു കൊണ്ടിരിക്കുന്നു. ഞങ്ങൾ ഒരു മതപരമായ ജമാഅത്താണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ പറഞ്ഞതു പ്രകാരം രണ്ട് സുപ്രധാന ലക്ഷ്യങ്ങളുമായിട്ടാണ് അദ്ദേഹം നിയോഗിതനായിട്ടുള്ളത്. ഒന്ന് ജനങ്ങൾ തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുക. രണ്ട് പരസ്പരമുള്ള കടമകൾ നിർവ്വഹിക്കുക. ഇവിടെ അമേരിക്കയിലും ഇതര രാജ്യങ്ങളിലും ഞങ്ങൾക്ക് പ്രചരിപ്പിക്കാനുള്ള രണ്ടു ചലഞ്ചുകളാണിത്.

ചോദ്യ കർത്താവ് തുടർന്ന് ചോദിച്ചു: ഇതര മതാനുയായികൾക്ക് നിങ്ങൾ നൽകുന്ന സന്ദേശമെന്താണ്?

**ഹുദൂർ:** നാമെല്ലാവരും ഐക്യത്തോടെ ജീവിക്കേണ്ടതാണ്. മതത്തിന്റെ കാര്യം മനുഷ്യ ഹൃദയവുമായി ബന്ധപ്പെട്ടതാണ്. ഇസ്ലാമും ഖുർആനും വളരെ വ്യക്തമായ രീതിയിൽ പറയുന്ന കാര്യമാണ്, മതത്തിൽ ഒരു നിർബന്ധവുമില്ല എന്നത്. മതത്തിൽ ഒരു നിർബന്ധവുമില്ലെന്ന് അത്യുന്നതനായ ദൈവം പറയുമ്പോൾ മനുഷ്യർ എന്ന നിലയിൽ നമ്മൾ സഹവർത്തിത്വത്തോടെ ജീവിക്കേണ്ടതാണ്. ബാഹ്യമായ സ്നേഹവും ഐക്യവും വളർത്തേണ്ടതാണ്.

ഒരു മഹിള പത്രപ്രവർത്തക ചോദിച്ചു: അടുത്ത പത്തിരുപത് വർഷത്തിൽ അഹ്മദിയ്യാ ജമാഅത്തിന് അമേരിക്കയിൽ എന്ത് പുരോഗതിയാണ് താങ്കൾ ദർശിക്കുന്നത്?

ഹുദൂർ: ഞങ്ങളെന്നും പ്രതീക്ഷാനിർഭരരാണ്. മതപരമായ ജമാഅത്തിന്റെ വളർച്ച മെല്ലെ മെല്ലെയാണ് നടക്കുന്നത്. ഞാൻ പറഞ്ഞതുപോലെ, ഒടുവിലായി മനുഷ്യസമൂഹത്തെ അവരുടെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുക എന്നതും ഇതരരോടുള്ള കടമകൾ നിർവ്വഹിക്കുന്നവരാക്കി മാറ്റുക എന്നതുമായ ലക്ഷ്യവുമായിട്ടാണ് ഞങ്ങൾ മുന്നോട്ട് പോകുന്നത്. വിവേകമുള്ള ആർക്കും ഇതിനെ തള്ളിക്കളയാൻ സാധിക്കില്ല. എന്നിരുന്നാലും ഈ സന്ദേശം സ്വീകരിക്കുന്നതിന് മറ്റ് ചില തടസ്സങ്ങളുണ്ട്. ഈ സന്ദേശം എല്ലാവരാലും പ്രശംസിക്കപ്പെടുന്നു. വിശാലമായ നിലയിൽ അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്.'5.30 വരെ ഈ പത്രസമ്മേളനം തുടർന്നു.

മസ്ജിദിന്റെ മൾട്ടി പ്രസ് ഹാളിൽ ബയ്ത്തുൽ ആഫിയത്ത് മസ്ജദിന്റെ ഉൽഘാടനവുമായി ബന്ധപ്പെട്ട് ഒരു ചടങ്ങ് സംഘടിപ്പിച്ചിരുന്നു. വിവിധ ജമാഅത്തിലെ ഉദ്യോഗസ്ഥരെ കൂടാതെ, 176 അമുസ്ലിം, അനഹ്മദി അതിഥികളും പങ്കെടുത്തിരുന്നു. ചുവടെ ചേർക്കുന്ന വ്യക്തികൾ ഇതിൽ പങ്കെടുത്തു.

ഫിലാഡൽഫിയാ മേയർ ആദരണീയ ജയിംസ് കെന്നി(Hon.James Kenny).കോൺഗ്രസ് അംഗം ആദരണീയ ഡ്വിറ്റ് ഇവാൻസ്(Hon.Dwight Evans). മിസ്റ്റർ ടിഫാനി ചാംഗ് ലോസൺ (Mr. Tifaany Chang Lawson). ഏഷ്യാ പെസഫിക് അമേരിക്കൻ അഫയേഴ്സിന്റെ ടോം വുൾഫ് (Tom Wolf)കമ്മീഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ആണ്. – സ്റ്റേറ്റ് സെനറ്റർ, പെൻസിൽവാനി യ, മിസ്റ്റർ ശരീഫ് സ്ട്രീറ്റ്(Mr.Sharif Street). – മിസ്റ്റർ കെവെൻ ബോയൽ(Mr.Keven Boyle) (മെമ്പർ ഹൗസ് ഓഫ് റെപ്രെസെന്റേറ്റീവ് , പെൻസിൽവാനിയ – ഫിലാഡൽഫിയ സിറ്റി കൗൺസിൽമാൻ,മിസ്റ്റർ അൽ–തൗബൻബേർഗർ(Mr.Al-Taubenberger). – ഫിലാഡൽഫിയ സിറ്റി കൗൺസിൽ വുമൺ മിസിസ്സ്. ജാനി ബ്ളാക്ക്വെൽ(Mrs. Jannie Blackwell). – കൗൺസിൽമാൻ മിസ്റ്റർ. കേർട്ടിസ് ജോൺസ്(Mr.Curtis Jones). – കൗൺസിൽ വുമൺമിസിസ്സ്. മാരിയ ക്വീൻസ് സഞ്ചസ് (Mrs.Maria Quiones Sanchez). – കൗൺസിൽമാൻ മിസ്റ്റർ ഡേരക് ഗ്രീൻ (Mr.Derek Green). – ടെംപിൾ യൂണിവേഴ്സിറ്റിയുടെ പ്രതിനിധി പ്രഫസർ ഇസ്റ്റ്വാൻ വാർകോണി പി.എച്ച്.ഡി (Istvan Varkonyi(Phd) – ടംപിൽ യൂണിവേഴ്സിറ്റി സെനറ്റർ ഫോർ പബ്ളിക് ഹെൽത്ത് ലോ റിസർച്ചിന്റെ കോ ഡയറക്ടർ (Co-Director) പ്രഫസർ. ഹെയ്ഡി ഗ്രെൻവാൾഡ് പി. എച്ച്. ഡി(Heidi Grunwald(Phd) – ഫിലാഡൽഫിയ കമ്യൂണിറ്റി കോളേജ് പ്രഫസർ. മിസ്റ്റർ. ബ്രയ്ൻ ഗോയെഡ്ഡെ(Mr. Brain Goedde) – ജഡ്ജ് ഹാരി ശ്വാട്സ് (Judge Harry Schwartz) – പാസ്റ്റർ ഡോക്ടർ. റവറണ്ട് ജോൺ എൽ. പെയ്ൻ(Pastor Dr.Reverend John L.Payne)

ഇവരെ കൂടാതെ ഡോക്ടേഴ്സ്, ടീച്ചേഴ്സ്, വക്കീൽമാർ, ജേർണലിസ്റ്റുകൾ, മീഡിയ പ്രതിനിധികൾ, ടെക്നിക്കൽ, സെക്യൂരിറ്റി വിഭാഗങ്ങളുടെ പ്രതിനിധികൾ, ജീവിതത്തിന്റെ വിവിധ തുറയിൽ നിന്നുള്ള അതിഥികൾ പങ്കെടുത്തു.

പത്രസമ്മേളനത്തിനുശേഷം ഹുദൂർ മീറ്റിംഗ് ഹാളിലേക്ക് പോയി.

## മസ്ജിദ് ബയ്ത്തുൽ ആഫിയ, ഫിലാഡൽഫിയ ഉൽഘാടന സമ്മേളനം

ഫിലാഡൽഫിയ മുബല്ലിഗ്, ജനാബ്. അബ്ദുല്ലാഹ് ഡിബ്വാ സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടുകൂടി പരിപാടി ആരംഭിച്ചു. ഇംഗ്ലീഷ് ഭാഷയിൽ തർജ്ജമ കേൾപ്പിച്ചതിനുശേഷം യു.എസ്.എ നാഷണൽ സെക്രട്ടറി, ഉമൂറെ ഖാരിജ. അംജദ് മഹ്മൂദ് ഖാൻ സാഹിബ് പരിപാടി പരിചയപ്പെടുത്തി.

ഫിലാഡൽഫിയ മേയർ, ജെയിംസ് കെന്നി(Hon. James Kenny) സദസിനെ അഭിസംബോധന ചെയ്തുകൊണ്ട് എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് അദ്ദേഹം പറഞ്ഞു: 'ഈ സായാഹ്നത്തിലെ സുപ്രധാന പരിപാടിയിൽ എനിക്ക് ക്ഷണം നൽകിയതിൽ വളരെയധികം നന്ദിയുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ സുന്ദരമായ ഉൽഘാടന ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. കൂടാതെ, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ സ്വാഗതം പറയാൻ കഴിഞ്ഞതിലും എനിക്കും സന്തോഷമുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇവിടുത്തെ അംഗങ്ങൾക്കും ഞാൻ നന്ദി പറയുന്നു. അവരുടെ കഠിനാധ്വാനത്താലാണ് ഈ മനോഹരമായ മസ്ജിദ് നിർമിതമായത്. ഇവിടുത്തെ അഹ്മദികൾ ഫിലാഡൽഫിയയെ സ്വന്തം വീടെന്ന് മനസ്സിലാക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. നിങ്ങളുടെ യടുക്കൽ പ്രാർഥനയ്ക്ക് ഒരു സുന്ദരമായ സ്ഥലം ഇപ്പോൾ ഉണ്ട് എന്നതിലും എനിക്ക് വളരെയധികം സന്തോഷമുണ്ട്. ഫിലാഡൽഫിയ ചരിത്രത്തിൽ നിന്ന് മനസ്സിലാകുന്നത്, മതസ്വാതന്ത്ര്യം ഈ പട്ടണത്തിന്റെ അടിസ്ഥാനപരമായ ചട്ടങ്ങളിൽ ഉൾപ്പെടുന്നു എന്നാണ്. ഇതേ അടിത്തറയിലാണ് ഈ പട്ടണം പടുത്തുയർത്തപ്പെട്ടിട്ടുള്ളത്. നമ്മുടെ ബന്ധങ്ങൾ വിവിധ സമൂഹങ്ങളുമായിട്ടായിരിക്കാം. എന്നാൽ, ഈ പട്ടണം എല്ലാവരേയും സ്വാഗതം ചെയ്യുന്നു.' മേയർ തുടർന്നു പറഞ്ഞു:' നിങ്ങൾക്കറിയുന്നതുപോലെ വിവിധ മതസ്ഥർ ഇവിടെ അവരുടേതായ വിശ്വാസമനുസരിച്ച് പ്രവർത്തിക്കുന്നു. അതുകൊണ്ട് വിവിധ ജനവിഭാഗങ്ങളുള്ള ഈ മസ്ജിദ് അതിനെ കൂടുതൽ ശക്തിപ്പെടുത്തും. ഈ മസ്ജിദിന്റെ ഉൽഘാടനം നമ്മുടെ ഐക്യത്തിന്റേയും സഹവർത്തിത്വത്തിന്റേയും അടയാളമാണ്. അമേരിക്കയുടെ സംസ്കാരത്തിൽ മുസ്ലിമീങ്ങൾക്ക് വലിയ പങ്കാണുള്ളത്. ഈ നേരത്ത് നമ്മുടെ രാജ്യത്തിന്റെ അവസ്ഥ വെച്ചുകൊണ്ട് ഞാൻ പറയാനാഗ്രഹിക്കുന്നത്, ഫിലാഡൽഫിയ പട്ടണത്തിൽ എല്ലാ മുസ്ലിമീങ്ങളും ആദരണീയരും സുരക്ഷിതരുമാണെന്നാണ്. ഞാൻ വിചാരിക്കുന്നത് അത്യുന്നതനാ

യ ദൈവംതന്നെയാണ് ഈ മസ്ജിദ് ഇവിടെ പണികഴിപ്പിച്ചതെന്നാണ്. നമ്മുടെ കുട്ടികൾക്ക് ശരിയായ പാത കാണിച്ചു കൊടുക്കാൻ പാകത്തിൽ നമുക്കേർപ്പെടുന്ന പ്രശ്നങ്ങൾക്ക് ക്രിയാത്മകമായി ചിന്തിക്കുന്ന, നല്ല റോൾ മോഡലുകൾ വഴി പരിഹരിക്കാൻ സാധിക്കും. പരസ്പരം സഹകരിച്ചും ആദരിച്ചും കൊണ്ട് നമുക്കെല്ലാവർക്കും ഒരുമിച്ച് ജീവിക്കാൻ കഴിയുമെന്ന് പുറം ലോകത്തിന് കാണിച്ചുകൊടുക്കുക. അപ്രകാരം പ്രധാനപ്പെട്ട പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാൻ കഴിയും. നമ്മുടെ കുട്ടികളുടെ പഠന സംബന്ധമായ പ്രശ്നങ്ങൾക്ക് അറുതി വരുത്താൻ കഴിയും.'

പ്രസംഗത്തിനൊടുവിൽ അദ്ദേഹം ഹുദൂറിന്റെ സമക്ഷം ഫിലാഡൽഫിയ പട്ടണത്തിന്റെ താക്കോൽ സമർപ്പിച്ചു.

അതിനുശേഷം യൂ എസ് കോൺഗ്രസ് അംഗം ഡ്വിറ്റ് ഇവാൻസ്(Hon.Dwight Evans) പ്രസംഗിച്ചു. ഇദ്ദേഹം പെൻസിൽവാനിയയിലെ രണ്ടാം ഡിസ്ട്രിക്ടിൽ സേവനം ചെയ്തു വരുന്നു. ഇവിടെ ബയ്ത്തുൽ ആഫിയ ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങൾ ഉൾപ്പെടുന്നതാണത്. 2016ലാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. കോൺഗ്രഷണൽ ബ്ളാക്ക് കോക്കസിന്റെ ഭാഗവുമാണദ്ദേഹം. തന്റെ പ്രസംഗത്തിൽ അദ്ദേഹം പറയുന്നു: ഹുദൂറിനെ ഈ മഹത്തരമായ ഫിലാഡൽഫിയ പട്ടണത്തിൽ സ്വാഗതം ചെയ്യാൻ കഴിഞ്ഞു എന്നതിൽ എനിക്ക് വളരെ ചാരിതാർഥ്യമുണ്ട്. സഹോദര സഹോദരിമാരെ പോലെ സ്നേഹബന്ധം നിലനിറുത്തുന്ന പട്ടണമാണിത്. ഫിലാഡൽഫിയ സർക്കാറിന്റെ ഭാഗത്തുനിന്ന് ഈ മുസ്‌ലിം കമ്യൂണിറ്റിയോട് എനിക്ക് പറയാനുള്ളത്, നിങ്ങളുടെ സമാധാന സന്ദേശത്തെ ഞങ്ങൾ ഇവിടെ സ്വാഗതം ചെയ്യുന്നുവെന്നാണ്. ചില അമേരിക്കക്കാരിൽനിന്ന് കഴിഞ്ഞ വർഷങ്ങളിൽ ഇസ്‌ലാമിനെതിരെ ചില അഭിപ്രായ പ്രകടനങ്ങൾ വന്നിട്ടുണ്ട്. എന്നാൽ, എനിക്ക് നിങ്ങളോട് പറയാനുള്ളത്, ഇവിടുത്തെ ഭൂരിപക്ഷം പേരും നിങ്ങളെ സ്വാഗതം ചെയ്യുന്നുവെന്നാണ്. മാർട്ടിൻ ലൂഥർ കിംഗ് പറഞ്ഞതുപോലെ, ഏതെങ്കിലും സ്ഥലത്ത് അനീതിയുണ്ടായാൽ എല്ലാ സ്ഥലത്തും നീതിക്ക് അപകടം ഉണ്ടാകുന്നു എന്നാണ്.'

അദ്ദേഹം തുടരുന്നു: 'സമാധാന സന്ദേശത്തെ മാത്രമല്ല ഞാൻ മൂല്യവത്തായി കാണുന്നത്. മറിച്ച്, പറയുന്നതനുസരിച്ച് പ്രവർത്തിക്കുന്നതും കാണുന്നു. വാർഷിക ബ്ളഡ് ഡ്രൈവ് (Annul blood drive) പ്രോഗ്രാം പോലെയുള്ളത് നിങ്ങളുടെ രാജ്യത്തോടുള്ള കൂറും സ്നേഹവും സമാധാനവും നിലനിറുത്താനുള്ള ശ്രമമാണ്. ഈ പ്രവൃത്തി കാരണത്താൽ ഞാൻ നിങ്ങൾക്ക് ആശംസകൾ നേരുന്നു. മേയറിന്റെ സാന്നിധ്യത്തിൽ ഞാൻ പരസ്യപ്പെടുത്താനാഗ്രഹിക്കുന്നത്, ഞങ്ങൾ നിങ്ങളോടൊപ്പം നിലകൊള്ളുന്നു എന്നാണ്. ഈ പ്രവൃത്തികളിൽ നിങ്ങൾ തനിച്ചല്ല. അവസാനമായി ഹുദറിനെ ഒരിക്കൽകൂടി ഈ മഹത്തരമായ പട്ടണത്തിലേക്ക് സ്വാഗതം ചെയ്യുന്നു.'

പെൻസിൽവാനിയ ഗവർണർ തന്റെ സന്ദേശം റെക്കോഡ് ചെയ്തും എഴുത്തു മുഖേനയും അയച്ചിരുന്നു. ജൂലിയ പാർക്കറിനെ തന്റെ പ്രതിനിധിയായി അയക്കുകയും ചെയ്തു. അദ്ദേഹം ഈ സന്ദേശം വായിച്ചു കേൾപ്പിച്ചു. അതിനു മുമ്പേ അദ്ദേഹം പറയുന്നു: അസ്സലാമു അലയ്ക്കും. brotherly love and sisterly affection സാഹോദര സ്നേഹത്തിന്റേയും സഹോദരി സാമീപ്യത്തിന്റേയും പ്രസിദ്ധമായ ഈ മഹൽ പട്ടണത്തിലേക്ക് ഞാൻ ഹുദൂറിനെ സ്വാഗതം ചെയ്യുന്നു. ഞാനിവിടെ ഗവർണറുടെ സന്ദേശം വായിച്ചു കേൾപ്പിക്കുകയാണ്. അതിന് മുമ്പേ പെൻസിൽവാനിയയിലെ ഫിലാഡൽഫിയയെ ഈ മസ്ജിദിനുവേണ്ടി തിരഞ്ഞെടുത്തതിൽ അഹ്മദിയ്യാ ജമാഅത്തിന് നന്ദി പറയുന്നു. കൂടാതെ എല്ലാ വർഷവും നിങ്ങൾ ജൽസ സാലാന ഹാരിസ് ബർഗിൽ നടത്തുന്നുണ്ട്. അതിനും നന്ദി.

തുടർന്ന് ഐഫി ലാസൺ ഗവർണറുടെ ചുവടെ ചേർക്കുന്ന സന്ദേശം വായിച്ചു കേൾപ്പിച്ചു: യൂ. എസ്.എ അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗത്തു നിന്ന് ഈ പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള ക്ഷണം എനിക്ക് ലഭിച്ചത് വലിയ ആദരവാണ്. ഫിലാഡൽഫിയയിലെ മസ്ജിദ് ബയ്ത്തുൽ ആഫിയയുടെ ഉൽഘാടന വേളയിൽ ഞാൻ ആശംസകൾ നേരാനാഗ്രഹിക്കുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഐക്യവും സ്ഥിരതയും നിങ്ങളുടെ നേതാവ് ആദരണീയ മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് ഖാമിസ് ഒരു ആഗോള വഴികാട്ടിയാണ് എന്നതിന് തെളിവാണ്. കോമൺവെൽത്ത് ഓഫ് പെൻസിൽവാനിയയിൽ നിർമിതമായ ആദ്യ മസ്ജിദിന്റെ ഉൽഘാടനത്തിനെത്തിയ ഹുദൂറിന് ഞാൻ സ്വാഗതം ഓതുന്നു. ആഗോള മനുഷ്യാവകാശ സംരക്ഷണത്തിനും മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനും സ്ത്രീകളെ ശക്തിപ്പെടുത്താനും അവർക്ക് വിദ്യഭ്യാസം നൽകുന്നതിനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നേതൃത്വത്തിലുള്ള ശ്രമങ്ങളെ കോമൺവെൽത്തിൽ ഞങ്ങൾ വളരെ മൂല്യവത്തായാണ് കാണുന്നത്.'

അതിന് ശേഷം ജൂലിയ പാർക്കർ സന്ദേശം വായിച്ച്കൊണ്ട് പറഞ്ഞു:

'ഞാൻ ഹുദൂറിനും ആഗോള അഹ്മദിയ്യാ മുസ്‌ലിം കമ്യൂണിറ്റിക്കും അവരുടെ ഇസ്‌ലാമികാധ്യാപനങ്ങളിലേക്കുള്ള ചായ്‌വിനും ശാന്തിയും സഹിഷ്ണുതയും പ്രചരിപ്പിക്കുന്നതിനും ആശംസകൾ അർപ്പിക്കുന്നു. ഈ മസ്ജിദിന്റെ ചുറ്റിലും താമസിക്കുന്ന വ്യക്തികളുടെ ജീവിത നിലവാരം ഉയർത്താൻ വേണ്ടിയുള്ള നിങ്ങളുടെ ശ്രമങ്ങൾ വളരെ ആശാവഹമാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നിയന്ത്രണത്തിൽ നിർമിതമായ ഈ മസ്ജിദ് മുഖേന കോമൺവെൽത്തിൽ പ്രതീക്ഷയുടേയും ശാന്തിയുടേയും ഐക്യത്തിന്റേയും കിരണങ്ങൾ പുറപ്പെടുമെന്ന് എനിക്കുറപ്പുണ്ട്. ഗവർണർക്കുവേണ്ടിയും പെൻസിൽവാനിയ കോമൺവെൽത്തിന്റെ പൊതുജനങ്ങൾക്കുവേണ്ടിയും ഖലീഫത്തുൽ മസീഹ് ഖാമിസ് മിർസാ മസ്റൂർ അഹ്മദിന് ഞാൻ സ്വാഗതം ഓതുന്നു. നമ്മുടെ കോമൺവെൽത്തിൽ ശാന്തിയും ഐക്യവും മനുഷ്യത്വവും പ്രോൽസാഹിപ്പിക്കുന്നതിൽ അഹ്മദിയ്യാ മുസ്‌ലിം കമ്യൂണിറ്റിക്കും പങ്കെടുക്കുന്നവർക്കും ഞാൻ നന്ദി പറയുന്നു. ഈ അവിസ്മരണീയ നേരത്ത് എന്നിൽ നിന്നുള്ള ശുഭാപ്തി വിശ്വാസങ്ങൾ സ്വീകരിച്ചാലും, ടോം വൂൾഫ്, ഗവർണർ.'

ശേഷം ആദരണീയ യൂ. എസ്. എ അമീർ സാഹിബ് സാഹിബ് സാദാ മിർസാ മഗ്ഫൂർ അഹ്മദ് സാഹിബ് ചുരുങ്ങിയ വാക്കുകളിൽ ഹുദൂറിനെ പരിചയപ്പെടുത്തി. തുടർന്ന് ഹുദൂർ ഇംഗ്ലീഷിൽ അതിഥികളെ അഭിമുഖീകരിച്ചു.(മലയാള തർജമ ചുവടെ ചേർക്കുന്നു.)

(തുടരും)

---

(പേജ് 2ൽനിന്ന്)

അദ്ദേഹം ഇസ്‌ലാം വിരുദ്ധശക്തികളെ പ്രതിരോധിക്കുകയും ഇസ്‌ലാമിന്റെ മഹത്ത്വം യഥാർഥ നിലയിൽ കൊണ്ടുവരികയും വേണ്ടതുണ്ടായിരുന്നു. നമ്മൾ നമ്മുടെ എല്ലാ കഴിവുകളും ഉപയോഗിച്ചുകൊണ്ട് പൂർണമായും ശ്രമിക്കേണ്ടതാണ്. നമ്മുടെ ആത്മീയാവസ്ഥകളെ മെച്ചപ്പെടുത്തേണ്ടതാണ്. നമ്മുടെ ആരാധനകളുടെ നി ലവാരം അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുംവിധമുള്ള സ്ഥാനത്ത് കൊണ്ടുപോകേണ്ടതാണ്. എല്ലാ തരത്തിലുള്ള തിന്മകളേയും ഉപേക്ഷിച്ചുകൊണ്ട് സമ്പൂർണവിശ്വസ്തതയോടുകൂടി സൽക്കർമം ചെയ്യേണ്ടതാണ്.

അല്ലാഹു നിങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത വാക്കുകളിലേക്കും ഉപദേശങ്ങളിലേക്കും ശ്രദ്ധിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അവൻ നിങ്ങളുടെ ജൽസ ഉത്തമമായ നിലയിൽ വിജയിപ്പിക്കുമാറാകട്ടെ. നിങ്ങൾക്കെല്ലാവർക്കും ബയ്അത്തിന്റെ ചുമതലകൾ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. നിങ്ങൾ എപ്പോഴും ഖിലാഫത്ത് വ്യവസ്ഥിതിയോടു കൂറുപുലർത്തുന്നവരായിരിക്കട്ടെ. അല്ലാഹു നിങ്ങളുടെ ജീവിതകാലത്ത് യഥാർഥമായ പരിവർത്തനമുണ്ടാക്കി നിങ്ങളെ നന്മയിലും തഖ്‌വയിലും ഇസ്‌ലാമിന്റേയും ഇൻസാനിയ്യത്തിന്റേയും സേവനത്തിൽ വർധിപ്പിക്കുമാറാകട്ടെ. നിങ്ങൾ എല്ലാവരിലും അല്ലാഹു കൃപ ചൊരിയുമാറാകട്ടെ.

★★★

---

**അനുഭവവേദ്യമായ ദിവ്യദൃഷ്ടാന്തങ്ങൾ**

# പെട്ടെന്നു മഴ വർഷിച്ചതിന്റെയും മഴ തോർന്നതിന്റെയും രണ്ട് ദൃഷ്ടാന്തങ്ങൾ

താഴെകൊടുത്ത വിവരണങ്ങൾ പരേതനായ ഹദ്റത്ത് മൗലാനാ റഹ്മത്ത് അലി സാഹിബി(റ)ന്റേതാണ്.

ഹദ്റത്ത് മൗലാനാ റഹ്മത്ത് അലി സാഹിബ്(റ) പതംഗ് സിറ്റിയിലെ യാസിർ മിസ്ക്കീൻ വാർഡിലാണ് താമസിക്കാറുണ്ടായിരുന്നത്. അവിടെയുള്ള വീടുകളിൽ മിക്കതും തടികൊണ്ടുണ്ടാക്കിയതായിരുന്നു. പരസ്പരം ബന്ധിതവുമായിരുന്നു. ഒരിക്കൽ പെട്ടെന്ന് വാർപ്പിൽ തീപിടിത്തമുണ്ടായി. അദ്ദേഹത്തിന്റെ വീടിന്റെ തൊട്ടടുത്തെത്തി. അതിനുമുമ്പേ മറ്റു വീടുകളെല്ലാം കത്തിച്ചാമ്പലായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിന്റെ ബാൽക്കണിക്കടുത്ത് തീ എത്തി.

അങ്ങനെയുള്ള പ്രത്യേക സാഹചര്യത്തിൽ ജമാഅത്തംഗങ്ങൾ അദ്ദേഹത്തോട് വീട് വിട്ടു പോകാൻ നിർബന്ധിച്ചു. എന്നാൽ, പൂർണ്ണമായ ആത്മവിശ്വാസത്തോടും ദൃഢഗാഢമായ വിശ്വാസത്തോടും അദ്ദേഹം പറഞ്ഞു 'ഇൻശാഅല്ലാഹ്, അഗ്നി എന്റെ വീടിന് ദോഷം ചെയ്യില്ല. ഈ വീട് ഇപ്പോൾ വാഗ്ദത്ത മസീഹിന്റെ വിനീതദാസന്റേതാണ്. അദ്ദേഹം ദൈവമാർഗ്ഗത്തിൽ അത്യധ്വാനം ചെയ്യുന്നു. സർവ്വശക്തനായ അല്ലാഹു വാഗ്ദത്തമസീഹിനോട് വാഗ്ദാനം ചെയ്തിരിക്കുന്നു. "അഗ്നി നമ്മുടെ അടിമയാണ്. നമ്മുടെ അടിമയുടെ അടിമയാണ്."

ഹദ്റത്ത് മൗലാനാ സാഹിബ് ഈ വാചകങ്ങൾ മുഴുമിക്കുന്നതിനു മുമ്പേ ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി. നിമിഷങ്ങൾക്കകം മഴ പെയ്തു. പെട്ടെന്ന് തീയണഞ്ഞു. സർവ്വശക്തനായ ദൈവം യഥാർഥത്തിൽ മുഹമ്മദീ മസീഹിന്റെ ദാസന്റെ സേവകനായി; (അതായത് നബി തിരുമേനി(സ.അ)യുടെ)

അല്ലയോ മഴയേ, നിറുത്തൂ

സർവ്വശക്തനായ ദൈവത്തിന്റെ കഴിവുകൾക്ക് പരിധിയില്ല. എല്ലാ വസ്തുക്കളും ചലിക്കുന്നത് ആജ്ഞ പ്രകാരമാണ്. മേൽ സംഭവത്തിൽ മഴയുടെ പെട്ടെന്നുള്ള വരവ് ദൈവിക പിന്തുണയുടെ ഉദാഹരണമായിരുന്നു. ഇനി, വേറൊരു സംഭവത്തിൽ മേൽസംഭവത്തിന്റെ നേരെ എതിരായ സംഭവമാണുണ്ടായത്. ഇവിടെ അസാധാരണമായ സാഹചര്യത്തിൽ മഴ പെട്ടെന്നു നിന്നു. അങ്ങനെ തബ്‌ലീഗിന്റെ മാർഗ്ഗത്തിൽ ദൈവത്തിന്റെ ദൃഷ്ടാന്തമായിത്തീർന്നു. (Faith Inspiring Incidents of Heavenly Support in the field of preaching

**വിവർത്തകൻ: കെ.വി.ഹസൻകോയ, കോഴിക്കോട്**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 05 September 2019 Issue-36

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**ഒരു ജനത എന്ന നിലയിൽ ഞങ്ങൾ അങ്ങയുടെ ഉദാത്തമായ നേതൃത്വത്തെ പ്രശംസിക്കുന്നു. ഒരു നേതാവെന്ന നിലയിൽ ഞങ്ങൾ ഹുദൂർ അഖ്ദസിന്റെ ലോകശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിനുള്ള നിർണായകമായ പരിശ്രമങ്ങൾക്ക് ആശംസകൾ നേരുന്നു. 1921 മുതൽ ഇന്നുവരെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സിയറ ലിയോണിൽ മുഴുവൻ ജനങ്ങളുടെയും ജീവിതം സുവർണമാക്കിക്കൊണ്ടിരിക്കുന്നു.**

# സിയറ ലിയോൺ പ്രസിഡന്റിന്റെ ഈമാൻ ദൃഢഗാഢമാക്കുന്ന പ്രതികരണങ്ങൾ

2019 സിയറ ലിയോൺ ജൽസസാലാനയിൽ സിയറ ലിയോൺ പ്രിസിഡന്റ് തന്റെ നിരവധി മന്ത്രിമാരോടൊപ്പം പങ്കെടുത്തിരുന്നു. അദ്ദേഹം ജൽസയുടെ ആദ്യദിവസത്തെ ആദ്യയോഗത്തിൽ പ്രസംഗിച്ചു. പ്രസിഡന്റിന്റെ ഈമാൻ ദൃഢഗാഢമാക്കുന്ന പ്രതികരണങ്ങൾ താഴെ രേഖപ്പെടുത്തുകയാണ്:

"അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാനയിൽ പങ്കെടുക്കാൻ അവസരം നല്കിയതിന് ഞാൻ വ്യക്തിപരമായ നിലയിലും നിങ്ങളോടു നന്ദി പറയുന്നു. എന്റെ സർക്കാറിനുവേണ്ടിയും പൊതുജനങ്ങൾക്കുവേണ്ടിയും അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നത നേതാവ് ഹുദൂർ അഖ്ദസിന്റെ സന്നിധിയിൽ സ്നേഹനിർഭരമായ സലാം എത്തിക്കുക. ഒരു ജനത എന്ന നിലയിൽ ഞങ്ങൾ അങ്ങയുടെ ഉത്തമമായ നേതൃത്വത്തെ പ്രശംസിക്കുന്നു. ഒരു നേതാവെന്ന നിലയിൽ ഞങ്ങൾ ഹുദൂറിന്റെ ലോക സമാധാനവും സാഹോദര്യവും സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കഠിനപരിശ്രമങ്ങൾക്ക് ആശംസകൾ നേരുന്നു. ഞാൻ ഹുദൂർ അഖ്ദസിന്റെ ഗ്രന്ഥമായ Pathway to Peace വളരെ ശ്രദ്ധയോടെ വായിച്ചു. അത് ഇസ്‌ലാമികാധ്യാപനങ്ങളിലൂടെ ലോക സമാധാനത്തിന്റെ സംസ്ഥാപനത്തിനുള്ള ഒരു ഉന്നതമായ പരിശ്രമമാണ്.

2003 മുതൽ സംഘടിപ്പിച്ചുവരുന്ന നിങ്ങളുടെ 'പീസ് സിമ്പോസിയ'വും പ്രസിദ്ധമായ ഗ്രന്ഥം 'പാത് വേ ടു പീസും' ഇതുസംബന്ധമായി മാർഗദർശനം നല്കുന്നു. ഇതിന്റെ കർമപരമായ മാതൃക സിറാലിയോൺ അഹ്മദിയ്യ ജമാഅത്ത് കാണിച്ചുകൊണ്ടിരിക്കുന്നു. ഒരു ജനത എന്ന നിലയിൽ ഹുദൂർ അൻവറിന്റെ തിരുസന്നിധിയിൽ നന്ദിയുടെ സന്ദേശം അയക്കുകയാണ്. 1921 മുതൽ ഇന്നുവരെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സിയറ ലിയോൺ മുഴുവനും ജനങ്ങളുടെ ജീവിതം സുവർണമാക്കിക്കൊണ്ടിരിക്കുകയാണ്. വനിതകളും പുരുഷന്മാരുമായിട്ടുള്ളവരേ, ഞാൻ ഇതോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. എന്റേയും എന്റെ സർക്കാറിന്റേയും പൂർണമായ പിന്തുണ നിങ്ങളോടൊപ്പമുണ്ട്. പല തലമുറകളായി നിങ്ങൾ ജീവിതങ്ങൾ സുവർണമാക്കിക്കൊണ്ട് വരികയാണ്." അദ്ദേഹം ഹ്യൂമാനിറ്റി ഫസ്റ്റിന്റേയും IAAAE യുടേയും സേവനങ്ങളെ പ്രകീർത്തിക്കുകയുണ്ടായി.

*************************

**അനുഭവവേദ്യമായ ദിവ്യദൃഷ്ടാന്തങ്ങൾ**

# അല്ലയോ മഴയേ, നിറുത്തൂ

സർവ്വശക്തനായ ദൈവത്തിന്റെ കഴിവുകൾക്ക് പരിധിയില്ല. എല്ലാ വസ്തുക്കളും ചലിക്കുന്നത് ആജ്ഞ പ്രകാരമാണ്. മേൽ സംഭവത്തിൽ മഴയുടെ പെട്ടെന്നുള്ള വരവ് ദൈവിക പിന്തുണയുടെ ഉദാഹരണമായിരുന്നു. ഇനി, വേറൊരു സംഭവത്തിൽ മേൽസംഭവത്തിന്റെ നേരെ എതിരായ സംഭവമാണുണ്ടായത്. ഇവിടെ അസാധാരണമായ സാഹചര്യത്തിൽ മഴ പെട്ടെന്നു നിന്നു. അങ്ങനെ തബ്‌ലീഗിന്റെ മാർഗ്ഗത്തിൽ ദൈവത്തിന്റെ ദൃഷ്ടാന്തമായിത്തീർന്നു.

ഒരിക്കൽ ഹദ്റത്ത് മൗലാനാ റഹ്മത്ത് അലി, അതേ പതംഗ് സിറ്റിയിൽ ഹോളണ്ടിൽനിന്നുള്ള ക്രിസ്തീയ പാതിരിയുമായി മതപരമായ ചർച്ച നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ചർച്ച ശ്രവിക്കാൻ നിരവധി ആളുകളും എത്തിയിട്ടുണ്ടായിരുന്നു. പെട്ടെന്ന് ശക്തമായ മഴ പെയ്യാൻ തുടങ്ങി. ഈ സ്ഥലങ്ങളിൽ സാധാരണയായി മഴ പെയ്യാൻ തുടങ്ങിയാൽ മണിക്കൂറുകളോളം തുടർച്ചയായി മഴ പെയ്യുമായിരുന്നു. ദീർഘനേരം മഴ നില്ക്കാതെ പെയ്യും.

മൗലവി സാഹിബിന്റെ വാദഗതികൾക്ക് മറുപടി പറയാൻ സാധിക്കാത്ത സാഹചര്യത്തിൽ പാതിരി പെട്ടെന്ന് വിചിത്രമായ ഒരാവശ്യം മുന്നോട്ടുവെച്ചു. ഇത് അദ്ദേഹത്തിന്റെ തോൽവി മറച്ചുവയ്ക്കാനായിരുന്നു.

"നിങ്ങളുടെ മതം ക്രിസ്തുമതത്തെക്കാൾ മേൽക്കോയ്മയുള്ളതാണെങ്കിൽ, നിങ്ങളുടെ ദൈവത്തോട് അവന്റെ അത്ഭുതം കാണിക്കാൻ പറയൂ. പെട്ടെന്ന് മഴ നിറുത്തൂ. പ്രത്യക്ഷത്തിൽ പാതിരി മുമ്പോട്ടുവെച്ചത് അസാധ്യമായ ആവശ്യമാണ്. ആ പ്രദേശത്തുണ്ടാകുന്ന മഴയുടെ പ്രകൃതി പരിഗണിച്ചാൽ ഈ ആവശ്യം തീർത്തും പൂർത്തിയാവുമായിരുന്നില്ല. എന്നിരിക്കിലും ഈ അവസരത്തിൽ പ്രബോധനരംഗത്ത് അസാധാരണവും മനോഹരവുമായ സർവ്വശക്തനായ ദൈവത്തിന്റെ പിന്തുണയുടെ അത്ഭുതം കണ്ടു. പാതിരി ഈ ആവശ്യം മുന്നോട്ടുവെച്ച ഉടനെത്തന്നെ സജീവ ദൈവത്തിൽ പൂർണമായ ആത്മവിശ്വാസം പുലർത്തിക്കൊണ്ട് മൗലവി സാഹിബ് ശക്തമായ ശബ്ദത്തിൽ മഴയെ അഭിസംബോധന ചെയ്തു. "അല്ലയോ മഴയേ, ദൈവികാജ്ഞയാൽ ഉടൻ മഴ നിറുത്തു, സത്യവാനും സജീവനുമായ ഇസ്‌ലാമിന്റെ ദൈവത്തിന്റെ തെളിവ് കാണിക്കൂ."

സർവ്വശക്തനും സജീവനുമായ ഇസ്‌ലാമിന്റെ ദൈവത്തിന് നമ്മുടെ ജീവനുകൾ ബലിയായിരിക്കട്ടെ. മിനുട്ടുകൾ കഴിയുന്നതിനുമുമ്പേ അപ്രതീക്ഷിതമായി മഴ തോർന്നു. പാതിരിയും മുഴുവൻ ജനങ്ങളും സ്തബ്ധരായി. സർവ്വശക്തനായ ദൈവത്തിന്റെ ദൃഷ്ടാന്തം അത്ര മഹത്തരമായിരുന്നു. (Faith Inspiring Incidents of Heavenly Support in the field of preaching,പേജ് 33–35)

**വിവർത്തകൻ: കെ.വി.ഹസൻകോയ, കോഴിക്കോട്**

**(പേജ് 1ൽനിന്ന്)**

ന്റെ വാദമായ *ഫീഹാ കുതുബുൻ ഖയ്യിമ* (98:3–4) എത്രമാത്രം സത്യവും വ്യക്തവുമാണെന്ന് സ്പഷ്ടമായ നിലയിൽ കാണിക്കുന്നതായിരിക്കും. ഇനി യഥാർഥവും പ്രകൃതിപരവുമായ മതത്തെക്കുറിച്ച് തെളിവുകൾ എഴുതുകയാണെങ്കിൽ നാം എല്ലാ വശത്തൂടെയും വിശുദ്ധഖുർആന്റെ ദിവ്യാത്ഭുതം സ്ഥാപിച്ചുകാണിക്കുന്നതായിരിക്കും; എല്ലാ സത്യസാക്ഷ്യങ്ങളും പരിശുദ്ധ അധ്യാപനങ്ങളും അതിലുണ്ടെന്ന് പറയുന്നതായിരിക്കും.

എല്ലാതരത്തിലുള്ള ദൈവജ്ഞാനങ്ങളും രഹസ്യങ്ങളും അടങ്ങിയ ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. പക്ഷേ, അത് കരസ്ഥമാക്കുന്നതിന് ഞാൻ വീണ്ടും പറയുകയാണ്. അല്ലാഹു പറഞ്ഞ പരിശുദ്ധശക്തിയുടെ ആവശ്യമുണ്ട്. അല്ലാഹു പറയുന്നു. *ല യമസ്സുഹു ഇല്ലൽ മുത്വഹ്ഹറൂന* (56:80)(പരിശുദ്ധന്മാരല്ലാതെ ഇതിനെ സ്പർശിക്കുകയില്ല).

അങ്ങനെതന്നെ വാഗ്‌വിലാസത്തിലും അർഥഗാംഭീര്യത്തിലും ഉദാഹരണത്തിന് സൂറഃഫാത്തിഹായുടെ ക്രമീകരണം മാറ്റി മറ്റു രീതിയിൽ ക്രമീകരിക്കുകയാണെങ്കിൽ ഈ ക്രമീകരണത്തിലുള്ള ഉത്തമമായ ഉദ്ദേശ്യങ്ങളും ഉന്നതമായ ലക്ഷ്യങ്ങളും കിട്ടുകയില്ല; മറ്റേതെങ്കിലും ക്രമീകരണത്തിൽ വിവരിക്കാനും പറ്റുകയില്ല. ഏതു അധ്യായവും എടുത്തുകൊള്ളുക. അത് ഖുൽ ഹുവല്ലാഹു അഹദ് തന്നെയാണെങ്കിലും വേണ്ടില്ല; എത്രത്തോളം മൃദുത്വവും നന്മയും പരിഗണിച്ച് അതിൽ യാഥാർഥ്യങ്ങളുണ്ടോ അതൊന്നും മറ്റാർക്കും വിവരിക്കാൻ സാധിക്കുകയില്ല. ഇതും ഖുർആനിന്റെ ദിവ്യാത്ഭുതം തന്നെയാണ്. ഏതെങ്കിലും അജ്ഞൻ 'മഖാമത്തെ ഹദീരി'യേയും അല്ലെങ്കിൽ 'സബ്അ് മുത്തല്ലഖാത്തി'നേയും അതുല്യവും അനുപമവുമെന്ന് പറയുന്നതു കേൾക്കുമ്പോൾ എനിക്ക് അത്ഭുതം തോന്നുന്നു. ഈ രീതിയിൽ വിശുദ്ധഖുർആന്റെ അതുല്യതയ്ക്കുമേൽ ആക്രമണം നടത്താനാഗ്രഹിക്കുന്നു. 'ഹരീരി'യുടെ കർത്താവ് അത് അതുല്യമാണെന്ന് വാദിക്കുന്നതായി ഒരിടത്തും പറഞ്ഞിട്ടില്ല എന്നതാണ് ഒന്നാമത്തെ കാര്യം. അദ്ദേഹം സ്വയംതന്നെയും വിശുദ്ധഖുർഖുർആനിന്റെ അമാനുഷികമായ വാഗ്‌വിലാസത്തെ വിശ്വസിച്ചിരുന്ന ആളായിരുന്നോ? ഇക്കാര്യങ്ങൾ വിട്ട് അദ്ദേഹം സന്മാർഗവും സത്യസാക്ഷ്യവും മനസ്സിൽവെക്കുന്നയാളുമല്ല. മറിച്ച്, അവയെ വിട്ടുകൊണ്ട് കേവലം വാക്കുകളിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നു. സത്യത്തിൽനിന്നും യുക്തിജ്ഞാനത്തിൽനിന്നും ശൂന്യമാണ് ആ ഗ്രന്ഥങ്ങൾ.'(മൽഫൂദാത്ത് വാള്യം 1, പേജ് 69–71, ഖാദിയാൻ 2018)

★★★

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin